www.malankaralibrary.com


# REEHO D'EVANGELION

## സുവിശേഷത്തിന്റെ പരിമളം

ܪܝܚܐ ܕܐܘܢܓܠܝܘܢ

മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘ പ്രസിദ്ധീകരണം

ത്രൈമാസിക


വാല്യം : 8  ലക്കം : 1  ജൂലൈ 2022  പേജ് 12


# മെത്രാൻ: സുവിശേഷത്തിന്റെ പരിമളം പേറുന്നവൻ;

## മെത്രാഭിഷേക ശുശ്രൂഷയും അതിന്റെ ദൈവശാസ്ത്രവും


ഫാ. ഡോ. തോമസ് പ്രശോഭ് കൊല്ലിയേലിൽ ഒ.ഐ.സി.

ജീവാരാം ബഥനി ആശ്രമം, മാവേലിക്കര

മലങ്കര സഭ പിൻതുടരുന്ന അന്ത്യോക്യൻ സുറിയാനി ആരാധനാക്രമത്തിൽ മെത്രാഭിഷേകശുശ്രൂഷ അത്യധികം രഹസ്യാത്മകവും ദൈവശാസ്ത്രപരവും സുദീർഘവുമായ ഒരു ആരാധനയാണ്. ഈ ശുശ്രൂഷയുടെ ഇന്ന് ലഭ്യമായിട്ടുള്ള ഏറ്റവും പുരാതനമായ സുറിയാനി ഭാഷയിലുള്ള കയ്യെഴുത്തുപ്രതി (Vat. Syr. 51) 1172-ൽ എഴുതപ്പെട്ട മിഖായേൽ റാബോയുടെ പേരിലുള്ള ശുശ്രൂഷാക്രമമാണ്. ഇതരസഭകളിലെ മെത്രാഭിഷേക കർമ്മവുമായി താരതമ്യം ചെയ്യുമ്പോൾ അന്ത്യോക്യൻ ആരാധനാക്രമത്തിന്റെ ഏറ്റവും വലിയ പ്രത്യേകത പട്ടാഭിഷേക ശുശ്രൂഷയും വിശുദ്ധ കുർബാനയും തമ്മിലുള്ള അഭേദ്യമായ ബന്ധമാണ്. മറ്റ് സഭകളിൽ നിന്ന് വ്യത്യസ്തമായി വിശുദ്ധ കുർബാനയുടെ അവസാനത്തിൽ കുർബാന സ്വീകരണത്തിന് മുൻപാണ് പട്ടത്വവരദാന ശുശ്രൂഷ നടത്തപ്പെടുന്നത്. വിശുദ്ധ കുർബാനയിൽ ദിവ്യരഹസ്യങ്ങളിൽ നിന്ന് പരിശുദ്ധാത്മശക്തി ആവഹിച്ച് സ്ഥാനാർത്ഥിയെ അഭിഷേകം ചെയ്യുന്ന അത്യന്തം രഹസ്യാത്മകമായ ചടങ്ങ് അന്ത്യോക്യൻ ആരാധനാക്രമത്തിന്റെ മാത്രം പ്രത്യേകതയാണ്. നമ്മുടെ മേൽപ്പട്ടസ്ഥാനാരോഹണ ശുശ്രൂഷയുടെ ക്രമം അല്പമായി ഒന്ന് വിശദീകരിക്കുകയാണ് ഇവിടെ.

### A. മൂന്ന് തെശ്മെശ്ത്തോകൾ അഥവാ ശുശ്രൂഷകൾ

മെത്രാഭിഷേക കർമ്മത്തിൽ മൂന്ന് ഭാഗങ്ങൾ ആണുള്ളത്. അവ 3 തെശ്മെശ്ത്തോകൾ എന്ന് അറിയപ്പെടുന്നു. ഇവയിൽ രണ്ടും മൂന്നും ഒരുമിച്ചുചേർത്ത് ആണ് പലപ്പോഴും നടത്തപ്പെടുക. ഒരു മെത്രാപ്പോലീത്ത പുതിയ രൂപതയുടെ സ്ഥാനമേറ്റെടുക്കുമ്പോൾ മൂന്നാമത്തേത് മാത്രമായി നടത്തുന്നു.

### 1. വചനശുശ്രൂഷയും വിശ്വാസപ്രഖ്യാപനവും

മെത്രാഭിഷേക കർമ്മത്തിന്റെ ഒന്നാം ഭാഗമാണിത്. തെരഞ്ഞെടുക്കപ്പെട്ട മെത്രാൻ സ്ഥാനാർത്ഥി പ്രധാന കാർമ്മികന്റെ നിർദ്ദേശമനുസരിച്ച് രണ്ട് സഹകാർമ്മികരാൽ വിശുദ്ധ മദ്ബഹായിലേക്ക് ആനയിക്കപ്പെടുമ്പോൾ ഈ ശുശ്രൂഷ ആരംഭിക്കുന്നു. കാപ്പയൊഴികെയുള്ള വൈദിക അംശവസ്ത്രങ്ങളും മസ്നപ്സായും ധരിച്ച സ്ഥാനാർത്ഥിയെ ഒരു വെള്ള ശീലകൊണ്ട് മുഖംമൂടി മദ്ബഹായിലേക്ക് കൂട്ടിക്കൊണ്ട് വന്ന് കാതോലിക്കാബാവായുടെ മുൻപിൽ നിർത്തുന്നു. കാതോലിക്കാബാവാ അദ്ദേഹത്തിന്റെ മുൻപിൽ മുട്ടുകുത്തി "(ഇന്ന സ്ഥലത്തെ) മെത്രാപ്പോലീത്തായാകുവാൻ പരിശുദ്ധാത്മാവ് അങ്ങയെ വിളിക്കുന്നു" എന്ന് പറയുന്നു. അപ്പോൾ സഹകാർമ്മികരും മുട്ടുകുത്തുന്നു. സ്ഥാനാർത്ഥി പ്രധാനകാർമ്മികന്റെ മുൻപിൽ സാഷ്ടാംഗം വീണ് "ഞാൻ സമ്മതിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു" എന്ന് പറയുന്നു. തുടർന്ന് അദ്ദേഹത്തെ മെത്രാനായി നിയമിച്ചുകൊണ്ടുള്ള നിയമന കല്പന വായിക്കുന്നു. അതിനുശേഷം സ്ഥാനാർത്ഥിയെ മദ്ബഹായിൽ ഒരു വശത്തേക്ക് മാറ്റിനിർത്തിയിട്ട് വിശുദ്ധ കുർബാന ആരംഭിക്കുന്നു. വിശുദ്ധ കുർബാനയിലെ "നയവാൻ പനപോലെ...." എന്ന കുക്കിലിയോനുശേഷം സഹകാർമ്മികരായ എപ്പിസ്കോപ്പാമാർ സ്ഥാനാർത്ഥിയുടെ ഇടത്തും വലത്തുമായി നിന്ന് അദ്ദേഹത്തെ ജീവന്റെ മേശയുടെ സമീപത്തേക്ക് ആനയിക്കുന്നു. അപ്പോൾ "യജമാനൻ വരുമന്നേരത്ത്......" എന്ന ഗീതം ആലപിക്കുന്നു. സ്ഥാനാർത്ഥി രണ്ട് കൈകളും നെഞ്ചത്തടക്കിപ്പിടിച്ച് തല വണങ്ങി നിൽക്കുന്നു. അപ്പോൾ ഒന്നാം ശുശ്രൂഷ ആരംഭിക്കുന്നു.

പ്രാരംഭപ്രാർത്ഥനയ്ക്കുശേഷം 4 വ്യത്യസ്ത രാഗങ്ങളിലുള്ള 4 കുക്കിലിയോനുകളും ഗീതങ്ങളും അടങ്ങുന്ന ഒരു ആലാപന ചക്രമാണ് ഉള്ളത്. തുടർന്നുവരുന്ന

*(തുടർച്ച 4-ാം പേജിൽ)*

### ഉൾപേജുകളിൽ


| | |
|---|---|
| ദൈവദാസൻ മാർ ഈവാനിയോസ് - സഹയാത്രാനുഭവ ദർശനത്തിന്റെ പ്രവാചകൻ | 3 |
| മുഖമൊഴി | 5 |
| മെത്രാഭിഷേകാശംസകൾ | 5, 8, 9, 10, 11 |
| മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം വാർത്തകൾ | 6, 7 |


## സുവിശേഷ സാക്ഷ്യമേകാൻ....



അഭിനവ മെത്രാൻമാർക്ക് സുവിശേഷ സംഘത്തിന്റെ പ്രാർത്ഥനാശംസകൾ



# വന്ദ്യ മോൺ: ആന്റണി കാക്കനാട്ട്

## സുവിശേഷാനന്ദത്തിന്റെ സാക്ഷ്യപത്രം


സി. ഡോ. മേരി പ്രസാദ് ഡി. എം.

സുവിശേഷസംഘം ജോയിന്റ് സെക്രട്ടറി


ആഗോള കത്തോലിക്കാ തിരുസഭയേയും, മലങ്കര സുറിയാനി കത്തോലിക്ക സഭയേയും വളരെ പ്രത്യേകമായി സുവിശേഷസംഘത്തേയും സംബന്ധിച്ച് അനുഗ്രഹത്തിന്റെയും ആനന്ദത്തിന്റെയും സുദിനങ്ങളിലാണ്. നമ്മുടെ സഭയുടെ ഹൈരാർക്കി സ്ഥാപിച്ചതിന്റെ നവതിയും ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ സ്വർഗ്ഗപ്രവേശനത്തിന്റെ 70-ാം വാർഷിക പ്രവേശനവും, മലങ്കര സഭയുടെ ആത്മീയ വസന്തമായ സുവിശേഷസംഘം അതിന്റെ 10-ാം വാർഷികവുമായ 2022-ൽ, നല്ലവനായ ദൈവം ഈ സഭയെ കൂടുതൽ കരുണയോടെ കടാക്ഷിക്കുന്നു. ഇതിന്റെ നേർസാക്ഷ്യമാണ് നമ്മുക്ക് ലഭിച്ച വന്ദ്യ മോൺ. ഡോ. മാത്യു മനക്കരക്കാവിൽ റമ്പാച്ചനും വന്ദ്യ മോൺ. ഡോ. ആന്റണി കാക്കാനാട്ട് റമ്പാച്ചനും.

മലങ്കര കത്തോലിക്കാ സുവിശേഷ സംഘത്തെ സംബന്ധിച്ച് വന്ദ്യ മോൺ. ആന്റണി കാക്കാനാട്ട് റമ്പാച്ചന്റെ കുറിയാ മെത്രാൻസ്ഥാനവും സുവിശേഷ ശുശ്രൂഷയ്ക്കായുള്ള ഈ പുതിയ നിയോഗവും നമുക്ക് ഇരട്ടി മധുരാനുഭവമാണ്. കഴിഞ്ഞ 10 വർഷക്കാലം സുവിശേഷസംഘത്തിന്റെ എക്സിക്യൂട്ടിവ് സെക്രട്ടറി എന്ന നിലയിൽ സുവിശേഷത്തിന്റെ ഒരു പുത്തൻചൈതന്യവും ഉൻമേഷവും ആനന്ദവും സഭയ്ക്ക് സമ്മാനിക്കുവാൻ ദൈവം തന്റെ മനോമുകരത്തിൽ കണ്ടുവച്ച സുവിശേഷസുഗന്ധമുള്ള അസാധാരണ വ്യക്തിത്വമാണ് വന്ദ്യ ആന്റണി കാക്കാനാട്ട് റമ്പാച്ചൻ. സുവിശേഷ സംഘത്തിലെ എന്റെ കഴിഞ്ഞ 10 വർഷത്തെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം സാക്ഷ്യപ്പെടുത്തുന്നത് ഈയവസരത്തിൽ ഏറ്റവും അനുയോജ്യമാണ്.

വിശിഷ്ടമായ വ്യക്തിപ്രാഭവം കൊണ്ടും കർമ്മശേഷികൊണ്ടും ധിഷണമായ ദർശനം കൊണ്ടും മലങ്കരത്താലിക്കാ സഭയിൽ തിളങ്ങിനിൽക്കുന്ന അഭിവന്ദ്യ പിതാവിന്റെ ജീവിതം ഏവർക്കും എപ്പോഴും വായിക്കാവുന്ന ഒരു തുറന്ന സുവിശേഷ വ്യാഖ്യാന പുസ്തകമാണ് എന്ന് എനിക്ക് തോന്നിയിട്ടുണ്ട്. സുവിശേഷ ജീവിത സാക്ഷ്യം നിറഞ്ഞ അനേകം അദ്ധ്യായങ്ങളുള്ള ഒരു പുസ്തകമാണ്. ഒരു അഞ്ചാമത്തെ സുവിശേഷം പോലെ. ഓരോ താളുകൾ മറിക്കുമ്പോഴും നമുക്ക് ലഭിക്കുന്ന വ്യത്യസ്തമായ അനുഭവവും അറിവും നമ്മെ ദൈവത്തിലേയ്ക്ക് ഏറെ അടുപ്പിക്കുന്നതാണ് എന്നതിൽ തർക്കമില്ല.

### മിഴികളിൽ കണ്ണുനീരും ഹൃദയത്തിൽ അഗ്നിയും കൃപയായി കിട്ടിയ പിതാവ്

ദൈവസ്നേഹം കൊണ്ട് ജ്വലിക്കുന്ന ഒരു യഥാർത്ഥ ഭക്തനെ പിതാവിൽ എപ്പോഴും

*(തുടർച്ച 2-ാം പേജിൽ)*

www.malankaralibrary.com



( ...... 1-ാം പേജിൽ നിന്നും തുടർച്ച)

ദർശിക്കാനാവും. പ്രാർത്ഥിക്കുമ്പോൾ കണ്ണുനനയുന്നവരെ വളരെ ചുരുക്കമായിട്ടേ നാം കണാറുള്ളു. തന്റെ ഉള്ളിൽ നിറഞ്ഞുതുളമ്പുന്ന ദൈവ സ്നേഹവും ബന്ധവുമാണ് പിതാവിന്റെ കണ്ണുകളിൽ നിറയുന്നത്. പിതാവിന്റെ ശരീരഭാഷപോലും പ്രാർത്ഥനാ നിരതമാണ് എന്ന് എനിക്ക് തോന്നിയിട്ടുണ്ട്. തന്റെ ഏതു തിരക്കിനിടയിലും, യാത്രകളിൽ പോലും യാമപ്രാർത്ഥനകൾ മുടക്കം കൂടാതെ ചൊല്ലുവാനും ദൈവവചനം ധ്യാനിക്കുവാനും പുലർത്തുന്ന നിഷ്ഠ എന്നെ ഏറെ സ്പർശിച്ചിട്ടുണ്ട്. പ്രാർത്ഥനകൾക്കനുസൃതമായ ജീവിതവിശുദ്ധിയും വിശ്വസ്തതയും ആത്മാർത്ഥതയും നിഷ്കളങ്കതയും ജീവതത്തിൽ പുലർത്തുന്നു എന്നതാണ് ഏറെ ശ്രദ്ധേയമായ കാര്യം. ദൈവസ്നേഹവും അനുതാപവും ചിത്രീകരിക്കാൻ ഏറ്റവും യോജിച്ച ചായം കണ്ണിനീരാണ് എന്ന യാമപ്രാർത്ഥനയിലെ മനോഹരമായ കീർത്തനം പോലെ കൺകോണുകളിൽ നനവോടെ പ്രാർത്ഥിക്കുന്ന പിതാവ് നമുക്ക് ഒരനുഗ്രഹമാണ്. പ്രാർത്ഥനയിൽ മറ്റെന്തിനേക്കാളും മാധുര്യം അനുഭവിക്കുന്ന പിതാവ് സഭയ്ക്ക് വലിയ സമ്മാനമാണ്. അനുദിനവും രാത്രിയുടെ ഏകാന്തതയിൽ ദൈവസന്നിധിയിൽ അഭയവും ആശ്രയവും തേടുന്ന പിതാവിന്റെ ജീവിത വിജയരഹസ്യം തേടി മറ്റെങ്ങും പോകേണ്ടതില്ല. മലങ്കര സുറിയാനി കത്തോലിക്കാ സഭാ കൂരിയാ മെത്രാനായി സഭയെ മുഴുവനും തന്റെ പ്രാർത്ഥനാ ചൈതന്യത്താൽ ജ്വലിപ്പിക്കുവാനുള്ള ഈ ദൈവീകപദ്ധതി വിസ്മയനീയമാണ്.

**മനഃപാഠമാക്കാവുന്ന മാതൃകകൾ**

മനുഷ്യരേയും ദൈവത്തേയും ഒരുപോലെ ആകർഷിക്കുന്ന പുണ്യമാണ് എളിമയും വിനയവും. തന്റെ നന്മകൾക്കും അറിവിനും ഉപരിയായി തന്റെ കുറവുകളേയും പരിമിതികളെയും കുറിച്ചുള്ള ബോധ്യത്തിന്റെ വെളിച്ചത്തിൽ നിന്നും ഉത്ഭവിക്കുന്ന ദൈവപരിപാലനയിലുമുള്ള ആശ്രയമാണ് യഥാർത്ഥത്തിലുള്ള എളിമ. അതിനാൽ ദൈവത്തിന്റെ നടത്തിപ്പിനേയും മനുഷ്യന്റെ സഹായാത്തെയും അങ്ങേയറ്റം വിലമതിക്കുന്ന പിതാവിന്റെ എളിയ മനസ്സിന്റെ വലിപ്പം എന്നെ പലപ്പോഴും അത്ഭുതപ്പെടുത്തിയിട്ടുണ്ട്. ചെറിയവരോടും വലിയവരോടും പിതാവു പുലർത്തുന്ന നീതിബോധം, ആർദ്രത, ഔദാര്യമനസ് പാവപ്പെട്ടവരോടുള്ള കരുണ ഇവ വർണ്ണനകൾക്ക് അതീതമാണ്. കാതോലിക്കാ ബാവാ തിരുമേനിയോടും സഭയിലെ പിതാക്കൻമാരോടും സഭാ നിയമങ്ങളോടും ആരാധനാപാരമ്പര്യങ്ങളോടും കാണിക്കുന്ന വിട്ടുവിഴ്ചയില്ലാത്ത വിധേയത്വവും വിശ്വസ്തതയും വികാരപരമായ അടുപ്പവും പുതിയതലമുറയ്ക്ക് മനപാഠമാക്കാവുന്ന മാതൃകയാണ്.

ആഡംബരങ്ങൾ, ജീവിതത്തിലെ അമിത സുഖസൗകര്യങ്ങൾ ഒന്നും പിതാവിനെ തീരെ ഭ്രമിപ്പിക്കാറില്ല എന്നു മാത്രമല്ല 'അവ എനിക്ക് ഭാരമാണ്' എന്ന് അനേകം തവണ പറയുന്നത് കേട്ടിട്ടുണ്ട്. മറ്റുള്ളവരുടെ സന്തോഷവും സ്വാതന്ത്ര്യവും ഒരിക്കലും നിഹനിക്കാത്ത, അവരുടെ മൂല്യത്തേയും സ്ഥാനത്തേയും അങ്ങേയറ്റം ബഹുമാനിക്കുന്ന പ്രകൃതം. ആരേയും വേദനിപ്പിക്കാൻ ഇഷ്ടപ്പെടാത്ത, ആവർത്തന വിരസത തോന്നാത്ത, നർമ്മത്താൽ കൂട്ടായ്മയെ സന്തോഷിപ്പിക്കുന്ന, അസാധാരണ വൈദഗ്ധ്യത്തിനുടമയാണ്. തിരുവല്ലാ അതിഭദ്രസനത്തിന്റെ മതബോധന ഡയറക്ടർ, പാസ്റ്ററൽ സെന്ററിന്റെ ചുമതലക്കാരൻ, SEERI-യുടെ അസ്സിസ്റ്റന്റ് ഡയറക്ടർ, അതിഭദ്രസനത്തിന്റെ ചാൻസലർ, വികാരി ജനറൽ തുടങ്ങിയ ഭരണപരമായ വലിയ ഉത്തരവാദിത്വങ്ങൾ നൈപുണ്യത്തോടെ ചെയ്യാൻ പിതാവിന് സാധിച്ചു. സമൂഹത്തിലെ ഏറ്റവും താഴെയുള്ളവരുടെ സന്തോഷമാണ് ഒരു കമ്മ്യൂണിറ്റിയുടെ സന്തോഷം എന്ന് വാക്കുകൊണ്ട് പറയുക മാത്രമല്ല ജീവതത്തിന്റെ പ്രമാണമായി സൂക്ഷിക്കുന്ന ഉയർന്ന വ്യക്തിത്വം മനുഷ്യമനസ്സുകളിൽ പിതാവിന് വേറിട്ട സ്ഥാനം നല്കുന്നു. മനുഷ്യബന്ധങ്ങൾക്ക് അങ്ങേയറ്റം വില കല്പ്പിക്കുന്ന പിതാവിന് ചുറ്റും ഒരു കുടുംബകൂട്ടായ്മയും, ഒരു വലിയ സൗഹൃദവലയവും അതിനെ ഇഴചേർക്കുന്ന നർമ്മബോധവും എപ്പോഴും കൂടെയുണ്ട്.

**പകരം വയ്ക്കാനാവാത്ത സർഗാത്മകതയും സഭാത്മകതയും സംഘാത്മകതയും**

'അവിടുത്തെ ആലയത്തെക്കുറിച്ചുള്ള തീക്ഷണത എന്നെ വിഴുങ്ങിക്കളയും' (യോഹ. 2:17) എന്ന തിരുവചനം പിതാവിന്റെ ജീവിത്തിൽ അക്ഷരാർത്ഥത്തിൽ അന്വർത്ഥമാണ്. പിതാവിന് തിരുസഭ എന്നത് ജീവാംശമാണ്. അതു പിതാവിന് പൈതൃകമായി ലഭിച്ചതാണ് എന്നു ഞാൻ വിശ്വസിക്കുന്നു. കാരണം മലങ്കരസഭയുടെ പുനരൈക്യത്തിന്റെ ക്ലേശപൂർണ്ണമായ ആദ്യനാളുകളിൽ ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ മുന്നിൽ മുട്ടുകുത്തി പുനരൈക്യപ്പെട്ടവരാണ് പിതാവിന്റെ പിതൃവര്യന്മാർ. ജന്മസിദ്ധമായി ലഭിച്ച തിരുസഭാ സ്നേഹം പിതാവിനെ മലങ്കരസഭയ്ക്കുവേണ്ടി കത്തിജ്വലിക്കുന്ന ദീപസ്തംഭമാക്കി മാറ്റി. 1988-ൽ പട്ടസ്വീകരണത്തിനുശേഷം തിരുവല്ല അതിഭദ്രാസനത്തിന്റെ ഹൈറേഞ്ച് മേഖലയിലെ ഉൾപ്രേദശമായ വണ്ടൻമേട്, ചേറ്റുകുഴി, പഴയരിക്കണ്ടം, മുളകരമേട് എന്നീ ദൈവാലയങ്ങളിൽ സഹവികാരിയായി ആരംഭിച്ച ത്യാഗപൂർണ്ണമായ സമർപ്പണം തുടർന്ന് വളകോട്, കാപ്പിപാതാൽ കല്ലിശ്ശേരി, ഓതറ, സീരി, മഞ്ഞതാനം തുടങ്ങിയ ദൈവാലയങ്ങളിൽ പല കാലയളവിലായി വികാരിയായും സ്തുത്യർഹമാംവിധം തുടർന്നു. പ്രസ്തുത സ്ഥലങ്ങളിലൊക്കെ ദൈവലയത്തിനാവശ്യമായ സ്ഥലം വാങ്ങൽ, മനോഹരമായ ദൈവാലയ നിർമ്മാണം, പ്രാഥമിക വിദ്യാലയം തുടങ്ങിയ അനേക സംരഭങ്ങളുടെ തുടക്കകാരനായി.

പിതാവിനെ സഭയിലെ ഏതു പുതിയ ശുശ്രുഷ ഏല്പ്പിച്ചാലും അതിന്റെ സീറോ ഗ്രൗണ്ടിൽ തുടങ്ങി തന്റെ തനതായ സർഗ്ഗാത്മകതയും കഠിനാദ്ധ്വാനവും പ്രാർത്ഥനയും കൊണ്ട് പകരം വയ്ക്കാനാവാത്ത വിധം സഭയുടെ സിരാകേന്ദ്രത്തിലെ പ്രാധാന്യമേറിയ വലിയ സംരംഭങ്ങളാക്കി മാറ്റിയതിന്റെ ചരിത്രം ഏറെയുണ്ട്. പലരും അസാധ്യം എന്നു കരുതിയ പല സംരംഭങ്ങളും ഇന്ന് മലങ്കര സഭയുടെ ചരിത്രതാളുകളിൽ തുന്നിച്ചേർത്ത സുവർണ്ണ അദ്ധ്യായങ്ങളാണ്. തന്റെ കഴിവിലോ മിഴിവിലോ കണ്ണുടക്കാതെ ദൈവപരിപാലനയിൽ ആശ്രയിക്കുന്നവരിലൂടെ ദൈവത്തിന് വലിയ അത്ഭുതങ്ങൾ ചെയ്യാനാവും എന്നതിന്റെ നമ്മുടെ ഇടയിലെ ഒരു സാക്ഷ്യപത്രമാണ് സെമിനാരി മുതലുള്ള പിതാവിന്റെ കർമ്മമണ്ഡലങ്ങൾ ഓരോന്നും.

**1. സംഗീതമയമാകുന്ന ആത്മീയശുശ്രൂഷകൾ**

ഒന്നാമത്തേത് സംഗീതമാണ്. സംഗീതത്തിലും സംഗീത ഉപകരണങ്ങളിലും അഭിരുചി; നാടകരചന, അഭിനയം തുടങ്ങിയവയിലുള്ള സർഗ്ഗാത്മഗത ഇവയിൽ സെമിനാരികാലം മുതൽ നേടിയ പരിജ്ഞാനം പിന്നീട് സഭയുടെ പൊതുനന്മക്കായി എങ്ങനെ പ്രയോജനപ്പെടുത്തി എന്നതിന്റെ സാക്ഷ്യമാണ് വേദപഠനത്തിനും, സുവിശേഷസംഘത്തിനും ആവശ്യമായ ഭക്തിഗാനങ്ങളുടെ രചനയും സംഗീത ആവിഷ്ക്കാരവും, ഇവ ദൈവജനത്തെ ആത്മീയമായി വളർത്തുവാനുള്ള ശ്രേഷ്ഠമായ മാധ്യമമായി നിലനിൽക്കുന്നു.

**2. ആത്മീയപോഷണവും ആരാധനാമയവുമാകുന്ന ദൈവശാസ്ത്രം**

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആരാധനക്രമ ദൈവശാസ്ത്രത്തിന് നല്കിയ ക്രിസ്തുവിജ്ഞാനീയ നവദർശനവും ദൈവശാസ്ത്രത്തിന് റമ്പാച്ചൻ നല്കിയ സംഭാവനകളാണ്. 1990-96 കാലയളവിൽ റോമിലെ പ്രശസ്തമായ സലേഷ്യൻ യൂണിവേഴ്സിറ്റിയിൽ സ്തുത്യർഹമായ രീതിയിൽ ഗവേഷണം നടത്തി അവതരിപ്പിച്ച പുതുമയാർന്ന വിഷയം മലങ്കരസഭയിലെ വിശ്വാസികൾ ആരാധനക്രമത്തിൽ കണ്ടുമുട്ടുന്ന തനിമയാർന്ന ദൈവാനുഭവത്തെയും ക്രിസ്താനുഭവത്തെയും പറ്റിയാണ്. ആരാധനതന്നെ ഒരു വേദപഠനമാകുന്നു എന്ന സഭയുടെ പൗരാണികമായ തനിമയെപ്പറ്റിയുള്ള ആഴമായ പഠനം. ഇതിന്റെ പൂർണ്ണത പ്രാപിക്കലാണ് പിന്നീട് മലങ്കര സഭയുടെ തനതായ മതബോധനപുസ്തകം തയ്യാറാക്കുവാനുള്ള നിയോഗം ഒരു ദൈവീക പദ്ധതിയായി 2005-ലെ വിശ്വാസപരിശീലന കമ്മീഷന്റെ സെക്രട്ടറിയായിരുന്ന ബഹു. ആന്റണി കാക്കനാട്ടച്ചൻ ഏറ്റെടുത്തത്. തുടർന്ന് 2001-2011-വരെ ഒന്നുമുതൽ പന്ത്രണ്ടു ക്ലാസുകളിലേക്കുള്ള പുസ്തകങ്ങൾ തയ്യാറാക്കുന്നതിന്റെയും പ്രസിദ്ധീകരിക്കുന്നതിന്റെയും പിന്നിൽ അഹോരാത്രം പ്രവർത്തിച്ചതും പിതാവിന്റെ സർഗ്ഗാത്മകതയും ഇച്ഛാശക്തിയുമാണ് എന്നതിൽ തെല്ലും സംശയമില്ല. മലങ്കര സഭയിലെ ഇളംതലമുറകളെ വിശ്വാസത്തിൽ ഊട്ടി വളർത്തുവാൻ 21 വർഷങ്ങളായി ഇന്നും തുടർന്നുകൊണ്ടിരിക്കുന്ന വലിയ അദ്ധ്വാനം ഏറെ ശ്ലാഘനീയമാണ്. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ദൈവശാസ്ത്രത്തിന് നല്കിയ സംഭാവനകളിൽ മറക്കാനാവാത്തതാണ് 1996-98 വർഷങ്ങളിൽ സെന്റ് മേരീസ് മലങ്കര മേജർ സെമിനാരിയിൽ റസിഡന്റ് പ്രൊഫസറായും തുടർന്ന് ഇന്നുവരെ വിസിറ്റിംഗ് പ്രൊഫസറായും നൂറുകണക്കിന് വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിലുള്ള പങ്കാളിത്തം.

**3. തൂലികകളിൽ തുളുമ്പുന്ന ദൈവശാസ്ത്ര ചിന്താധോരണികൾ**

പിതാവ് തന്റെ സമയത്തിന്റെ മുഖ്യപങ്കും ചിലവഴിക്കുന്നത് വ്യക്തിപരമായ ദൈവശാസ്ത്രപഠനത്തിനും ദൈവശാസ്ത്ര ചിന്താധാരകൾ രൂപപ്പെടുത്തുന്നതിനുമാണ്. അവ സാധിക്കുന്നിടങ്ങളിലെല്ലാം അവതരിപ്പിക്കുന്നതിൽ എപ്പോഴും തല്പരനും വ്യാപൃതനുമാണ്. തിരുസഭയുടെ അടിസ്ഥാന ദൈവശാസ്ത്ര ആവശ്യങ്ങളെക്കുറിച്ചും പ്രേഷിതദർശനങ്ങളെക്കുറിച്ചും, ആരാധനക്രമങ്ങളെപ്പറ്റിയും എപ്പോഴും തീക്ഷണതയോടെ, തീവ്രതയോടെ വാചലനാകുക എന്നത് പിതാവിന്റെ ജീവിത

(തുടർച്ച 11-ാം പേജിൽ)

**മുഖ്യരക്ഷാധികാരി**
മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവ
**ചീഫ് എഡിറ്റർ**
റൈറ്റ് റവ. മോൺ. ആന്റണി കാക്കനാട്ട്
**മാനേജിംഗ് എഡിറ്റേർസ്**
റവ. ഫാ. ബനഡിക്ട് മൂഴിക്കര OIC
റവ. ഡോ. സി. മേരി പ്രസാദ് DM
**എഡിറ്റർ**
ഡോ. എബ്രഹാം ജോർജ്ജ് മാങ്കാവിൽ
**എഡിറ്റോറിയൽ ബോർഡ്**
റവ. ഡോ. സി. നമിത SIC
ഡോ. തോമസുകുട്ടി പനച്ചിക്കൽ
ഡോ. വി. ജെ. ജേക്കബ്
ഡോ. ജോജു ജോൺ
ബാർ ഈത്തോ കാശീറോ പി. പൗലോസ്

## സുവിശേഷസംഘത്തിന്റെ ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ പ്രോഗ്രാമുകൾ

| തിയതി | പ്രോഗ്രാം |
|---|---|
| ജൂലൈ 2 | തിരുവല്ലാ 3-ാം ബാച്ച് പരിശീലനം, തിരുവല്ല |
| ജൂലൈ 13 | മെത്രാഭിഷേക ഒരുക്ക ഓൺലൈൻ പ്രാർത്ഥനാ യജ്ഞം - സമാപനം |
| ജൂലൈ 1-15 | മാർ ഇവാനിയോസ് ഡേ ഒരുക്കം |
| ജൂലൈ 15 | മാർ ഇവാനിയോസ് ഡേ, മെത്രാഭിഷേകം |
| ജൂലൈ 16 | ലണ്ടൻ ബാച്ച് ഓൺലൈൻ പരിശീലനം |
| ജൂലൈ 23 | മൂവാറ്റുപുഴ ഭദ്രാസനസുവിശേഷ സംഗമം |
| ആഗസ്റ്റ് 6-7 | തിരുവന്തപുരം-അഞ്ചൽ മേഖലാതല സുവിശേഷസംഘ പരിശീലനം |
| ആഗസ്റ്റ് 7 | ഖട്ക്കി-പൂനാ 3-ാം ബാച്ച് ഓൺലൈൻ പരിശീലനം |
| ആഗസ്റ്റ് 11-13 | സഭാതലം 8-ാം ബാച്ച് പരിശീലനം, കാതോലിക്കേറ്റ് |
| ആഗസ്റ്റ് 18-19 | മാവേലിക്കര-കറ്റാനം മേഖലാതല സുവിശേഷസംഘ പരിശീലനം |
| ആഗസ്റ്റ് 20-21 | തിരുവല്ലാ-റാന്നി മേഖലാതല സുവിശേഷസംഘ പരിശീലനം |
| ആഗസ്റ്റ് 20-21 | ലണ്ടൻ ബാച്ച് ഓൺലൈൻ പരിശീലനം |
| ആഗസ്റ്റ് 25-26 | അഭിവന്ദ്യ ജേക്കബ് മാർ ബർണ്ണബാസ് 1-ാം ഓർമ്മദിനം, ഡൽഹി |
| ആഗസ്റ്റ് 27-28 | ഡൽഹി ഭദ്രാസന സുവിശേഷ സംഗമം, 2-ാം ബാച്ച് പരിശീലനം,' കൈവയ്പ്പ് |
| സെപ്റ്റംബർ 3-4 | ലക്സിയോ ദീവിനാ, ബോംബേ റീജൻ സുവിശേഷസംഘ പരിശീലനം |
| സെപ്റ്റംബർ 10-11 | പുത്തൂർ ഭദ്രാസന സുവിശേഷ സംഗമം, പരിശീലനം |
| സെപ്റ്റംബർ 17 | ബാംഗ്ലൂർ റീജൻ സുവിശേഷസംഘ പരിശീലനം |
| സെപ്റ്റംബർ 24-25 | പത്തനംതിട്ട-കോന്നി മേഖലാതല സുവിശേഷസംഘ പരിശീലനം |

www.malankaralibrary.com





# ദൈവദാസൻ മാർ ഈവാനിയോസ് സഹയാത്രാനുഭവ ദർശനത്തിന്റെ പ്രവാചകൻ

**ഫാ. ബനഡിക്ട് മൂഴിക്കര ഒ.ഐ.സി**

സുവിശേഷസംഘം അസി. എക്സിക്യുട്ടീവ് സെക്രട്ടറി

മലങ്കര സുറിയാനി കത്തോലിക്കാസഭ ഹൈരാർക്കി സ്ഥാപനത്തിന്റെ നവതി പൂർത്തിയാക്കി, ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ സ്വർഗ്ഗ പ്രവേശന സപ്തതിയിലേക്ക് പ്രവേശിക്കുകയാണ്. പമ്പാ നദിയുടെ ഇരു കരകളിൽ സമാരംഭിച്ച് സുവിശേഷത്തിന്റെ നിലയ്ക്കാത്ത പ്രവാഹമായി ലോകത്തിന്റെ അതിർത്തികളോളം ഒഴുകിയെത്താൻ സാധിച്ചത് മലങ്കരയുടെ മണ്ണിൽ നിലത്ത് അഴിഞ്ഞ ഒരു ഗോതമ്പ് മണിയിൽ നിന്നാണ് (യോഹ.12:24). കാലങ്ങളുടെ കുതിപ്പ് കാലാതീതമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്ത ദാർശനികനായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 69-ാം ഓർമ്മപ്പെരുന്നാൾ ആചരിക്കുമ്പോൾ, ഈ സുവിശേഷ ഒഴുക്കിന്റെ പരിണാമങ്ങൾ സ്വച്ഛമായി ഒഴുകി തീരാതെ ഒരു വൻപ്രവാഹമാക്കി മാറ്റാൻ നമ്മെ ക്ഷണിക്കുന്നു. വന്ദ്യ പിതാവ് ഇങ്ങനെ കുറിച്ചുവയ്ക്കുന്നു: "ആ കാഴ്ച ഒരു സമുദായത്തിന്റെ ശുഭോതർക്കവും കൗതുകവുമായ ഭാവികാല ചിത്രത്തെ കാണിച്ചു തന്നതിനാൽ നാം സംതൃപ്തനായിത്തീർന്നു'' (ഗിരിദീപം 50). മുന്നിൽകണ്ട കാഴ്ചകളിൽ നിന്ന് ഭാവിയുടെ കാഴ്ച്ചപ്പാടുകളെ രൂപപ്പെടുത്തിയ ഈ പിതൃദർശനം ഈ വർത്തമാന കാലഘട്ടത്തിന്റെ അടയാളങ്ങളെ തിരിച്ചറിഞ്ഞ് സഭയിൽ വീണ്ടും നവീകരണത്തിന്റെ വാതായനങ്ങൾ മലർക്കെ തുറക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. അപ്രതീക്ഷിതമായി വന്ന മഹാമാരിയുടെ പ്രത്യാഘാതങ്ങളിൽ വിറങ്ങലിച്ച് നിൽക്കാതെ പ്രത്യാശാപൂർണ്ണതയോടും സംഘാത്മകമായും നവസുവിശേഷയാത്രയിൽ അത്യന്തം തീക്ഷണതയോടെ പങ്കുചേരാൻ നമ്മെ പ്രചോദിപ്പിക്കുന്നു.

സുവിശേഷത്തിന്റെ നവചൈതന്യം സഭയിൽ അനിവാര്യമാണെന്ന ഉത്തമ ബോധ്യത്തിൽ നിന്നുകൊണ്ട് വന്ദ്യ പിതാവ് ഒരു ശെമ്മാശ്ശനായിരിക്കുമ്പോൾ തന്നെ നടത്തിയ പ്രവർത്തനങ്ങളും പ്രസംഗങ്ങളും സുവിശേഷ ശുശ്രൂഷകൾക്ക് അടിസ്ഥാനമായി. സ്വസമുദായത്തിന് നഷ്ടമായിക്കൊണ്ടിരിക്കുന്ന ദൈവിക മൂല്യങ്ങളെ തിരികെപ്പിടിക്കുവാൻ സുവിശേഷ മൂല്യങ്ങളിൽ കേന്ദ്രീകൃതമായ നവീകരണ രീതിയാണ് കൂടുതൽ അഭികാമ്യമെന്ന് പിതാവ് മനസ്സിലാക്കി. അതുകൊണ്ട് വ്യക്തിപരമായി നടത്തിയ പ്രവർത്തനങ്ങളെക്കാൾ സംഘാത്മകമായ മുന്നേറ്റം അനിവാര്യമാണെന്ന തിരിച്ചറിവിൽ നിന്ന് പിന്നീടുള്ള ദൗത്യനിർവ്വഹണ യാത്രകളൊന്നും തനിച്ചായിരുന്നില്ല.



കൂട്ടായ്മയുടെ ശക്തി തിരിച്ചറിഞ്ഞ് സഭയെ നവീകരിക്കാൻ കൂട്ടുവേലക്കാർ അത്യാവശ്യമാണെന്ന് മനസ്സിലാക്കി. "എം.ഡി.സെമിനാരിയുടെ പ്രിൻസിപ്പൽ ഉദ്യോഗം രാജിവച്ച് സെറാമ്പൂർക്കായി യാത്രപുറപ്പെടാൻ പിന്നെ അധികം ദിവസങ്ങൾ കഴിയേണ്ടതായി വന്നില്ല. അക്കാലത്ത് നമ്മോടൊന്നിച്ച് താമസിച്ചിരുന്ന കെ. എ. യാക്കോബ് ശെമ്മാശ്ശനും സെറാമ്പൂർക്കായി ഒപ്പം ഇറങ്ങി" (ഗിരിദീപം 47). അനേകം യുവതി യുവാക്കന്മാരെ ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി കൂടെ കൊണ്ടുപോയിരുന്നു അവിടെവച്ചുതന്നെ സമൂഹമായിട്ടുള്ള പ്രാർത്ഥന, പഠനം, ജീവിതം എന്നിവയിൽ അധിഷ്ഠിതമായ ഒരു ശൈലി രൂപപ്പെടുത്തി. കൂടെ കൂട്ടിയവർ കൂട്ടം തെറ്റിപ്പോകാതെ പരിശീലിപ്പിച്ച്, കൂട്ടായ്മയുടെ ശക്തി തിരിച്ചറിഞ്ഞ് സുവിശേഷത്തിനുവേണ്ടി ഒരു മിഷനറി സംഘം കെട്ടിപടുക്കുവാൻ ആഗ്രഹിച്ചു. ഭാരതത്തിലെ വിശാലമായ ഭൂപ്രദേശത്ത് സുവിശേഷത്തിന്റെ വിത്ത് വിതയ്ക്കാൻ കൂട്ട് വേലക്കാർ നിരവധി ആവശ്യമാണെന്ന് ബോധ്യപ്പെട്ടു. സംഘാത്മകമായ ഒരു മുന്നേറ്റത്തിലൂടെ മാത്രമെ സഭയിലും സമൂഹത്തിലും ചലനം സൃഷ്ടിക്കാൻ സാധിക്കുകയുള്ളൂ. അത് മാത്രമല്ല ഈ കൂട്ടായ്മക്ക് സുവിശേഷവത്കരണം എന്ന ഏക ലക്ഷ്യം മാത്രമേ ഉണ്ടായിരിക്കാൻ പാടുള്ളൂയെന്ന് തീരുമാനിച്ചു. സമൂഹമായി ജീവിച്ച് പ്രവർത്തിച്ച ശക്തിപ്പെട്ട ഇതര മതവിഭാഗങ്ങളിലെയും കത്തോലിക്കാ സഭയിലെ സമൂഹങ്ങളും സുവിശേഷ പ്രചാരവേലയിൽ വലിയ വിജയങ്ങൾ നേടുന്നു എന്നതിലുള്ള അറിവും അനുഭവവും സംഘാത്മകതയുള്ള ഒരു ബഥനി പ്രസ്ഥാനത്തിന്റെ പിറവിയിലേക്ക് നയിച്ചു. പിന്നീട് സഭയിൽ നഷ്ടപ്പെട്ട പരസ്പര പങ്കാളിത്തത്തോടുകൂടിയ സുവിശേഷ പ്രവർത്തനങ്ങൾക്കും നവീകരണങ്ങൾക്കും വലിയ മാറ്റങ്ങൾ കണ്ടുതുടങ്ങി. ബഥനിയോട് ചേർന്ന് മാർ ഈവാനിയോസ് പിതാവ് അനേക സമുദായ നേതാക്കന്മാരെയും തന്റെ പ്രവർത്തനത്തിന് പങ്കാളികളാക്കി മാറ്റി. കൂട്ടായ്മയുടെ ബലം, പ്രവർത്തനങ്ങളുടെ രൂപവും ഭാവവും മാറ്റി. ബഥനി പള്ളികൾ, അനാഥാലയം, വിജാതീയ മിഷൻ, സുവിശേഷ പ്രസംഗങ്ങൾ സംഘാത്മക പ്രവർത്തനത്തിന്റെ നേർ സാക്ഷ്യമായി മാറി.

ഐക്യത്തിന്റെ പൂർണ്ണതയിലേക്ക് പ്രവേശിക്കാൻ ബഥനി മലവിട്ട് ഇറങ്ങിയതു ഒരു കൂട്ടത്തോടൊപ്പമാണ്. മലങ്കര സഭയുടെ ഈ പുറപ്പാട് യാത്രയ്ക്ക് ശക്തി പകർന്നത് കാലം കരുതിവച്ച അഭിനവമോശയായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവായിരുന്നു. തന്റെ മുന്നോട്ടുള്ള ജൈത്രയാത്രയിൽ ബലംപകർന്നത് സഞ്ചാര സഹകാരികളുടെ കൂട്ടായ്മയാണ്. പെന്തിക്കോസ്തി അനുഭവത്തിലൂടെ ആദിമസഭയ്ക്ക് കരഗതമായ കൂട്ടായ്മയുടെ അനുഭവം അണമുറിയാതെ മുന്നോട്ടു കൊണ്ടുപോകുവാൻ മാർ ഈവാനിയോസ് പിതാവിനും കൂട്ടർക്കും സാധിച്ചു. പുനരൈക്യാനന്തരം മലങ്കര സഭ വളർന്നതും ഉയർന്നതും ഏകമനസ്സോടെ, പരസ്പര ഐക്യത്തിൽ പരസ്പരം തുന്നിച്ചേർത്ത ഇഴകൾപോലെ വൈദികരും സന്യസ്തരും ഉപദേശിമാരും മറ്റ് അല്മായ നേതാക്കന്മാരും തോളോട് തോൾ ചേർന്ന് പ്രവർത്തിച്ചതുകൊണ്ടാണ്. കാലാതീതമായി ഈ സഹയാത്രിക അനുഭവ ദർശനത്തെ (Synodality) കാലങ്ങൾക്കു മുമ്പേ സ്വായത്തമാക്കി സ്വാംശീകരിച്ച് മലങ്കര സഭ പുനരൈക്യത്തിലൂടെ ഉത്തമ ദൃഷ്ടാന്തമായി ആഗോളസഭയ്ക്ക് നൽകിയത് മാർ ഈവാനിയോസ് പിതാവായിരുന്നു. പിതാവ് സ്വയം വ്യയം ചെയ്ത് വളർത്തിയ ഒരു സംഘാത്മക ദർശനമായിരുന്നു ഇതിന്റെ അടിസ്ഥാനം. കൂട്ടായ്മയിൽ രൂപം കൊണ്ട പങ്കാളിത്തത്തോടുകൂടിയ സുവിശേഷവൽക്കരണമായിരുന്നു മാർ ഈവാനിയോസ് പിതാവിന്റെ മിഷൻ ദർശനം (സിനഡ് 2021-23). ഹൈരാർക്കി സ്ഥാപനത്തിന്റെ 90 വർഷങ്ങൾ പിന്നിടുമ്പോൾ പ്രേഷിത ദൗത്യത്തിലുള്ള കൂട്ടുത്തരവാദിത്വത്തിന്റെ ആകെത്തുകയാണ് തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ മിഷൻ പ്രദേശങ്ങളും പ്രത്യേകിച്ച് മാർത്താണ്ഡം, പാറശ്ശാല എന്നീ മിഷൻ ഭദ്രാസനങ്ങളും.

'സുവിശേഷപ്രഘോഷണത്തിനും ലോകത്തെ കൂടുതൽ സുന്ദരവും വാസയോഗ്യവുമാക്കുന്നതിന് പങ്കാളിത്ത സ്വഭാവമുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുക' (സിനഡ് 2021 -23).സുവിശേഷവത്കരണത്തിനും പുഃനസുവിശേഷീകരണത്തിനും ഈ കാലഘട്ടത്തിൽ സംഘാത്മകതയുടെ ഈവാനിയൻ ശൈലി പുനരാവിഷ്ക്കരിക്കേണ്ടതുണ്ട്. പങ്കാളിത്തവും വിവിധ അപ്പസ്തോല പ്രവർത്തനങ്ങളുടെ സംയോജനവും അത്യാവശ്യമാണ്. എങ്കിൽ മാത്രമെ സമൂഹത്തിന്റെ ഒരു പുനർ നിർമ്മാണവും സഭയുടെ നവീകരണവും സാധിതമാവുകയുള്ളൂ. പരമ്പരാഗതമായ സംഘടനകളിൽ നിന്ന് സുവിശേഷവത്കരണത്തിന്റെ പ്രക്രിയയ്ക്ക് മുൻതൂക്കം നൽകുന്ന സംഘങ്ങളെ രൂപീകരിക്കേണ്ടതും പരിശീലിപ്പിക്കേണ്ടതുമുണ്ട്. പുതിയ പ്രബോധന രീതികൾ ആവിഷ്കരിക്കേണ്ടതുമുണ്ട്. സുവിശേഷം ജീവിക്കേണ്ടത് ഒരു കൂട്ടായ്മയിലാണ്. അത് പകർന്ന് നൽകേണ്ടത് സംഘാത്മകതയിലാണെന്ന് മാർ ഈവാനിയോസ് പിതാവ് നമ്മെ ഓർമ്മിപ്പിക്കുന്നു.

മലങ്കര കത്തോലിക്കാ സഭയുടെ ശതാബ്ദിയിലേക്കുള്ള യാത്രയിൽ സഹയാത്രാനുഭവ ദർശനത്തിന്റെ പ്രവാചക ശബ്ദം നമുക്ക് കാതോർക്കാം. സ്വയം നിലത്ത് വീണ് അഴിഞ്ഞ് അനേകം ഫലങ്ങൾ പുറപ്പെടുവിച്ച ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് നമുക്ക് മാതൃകയാവട്ടെ.

**മാർ ഈവാനിയോസ് പ്രയർ മിനിസ്ട്രി**



**കബറിങ്കൽ ഉപവാസ പ്രാർത്ഥന**

**എല്ലാ വെള്ളിയാഴ്ചകളിലും**

രാവിലെ **11** മുതൽ **12** വരെ

zoom **Meeting ID: 89341569368**
**Passcode: 200625**

**നിയോഗങ്ങൾ അറിയിക്കുക**
**Mob No: +918281512877**

**സുവിശേഷ സന്ധ്യ**

**എല്ലാ ചൊവ്വാഴ്ചകളിലും**
**വൈകീട്ട് 7 മുതൽ 8.15 വരെ**



**ലെക്സിയോ ദിവീന**
**സന്ധ്യ പ്രാർത്ഥന**
**ആരാധന**

ZOOM
**Meeting ID : 814 6733 2973**
**Passcode : 658 854**

www.malankaralibrary.com



*( ...... 1-ാം പേജിൽ നിന്നും തുടർച്ച)*

പ്രുമിയോൻ സെദറായുടെ സമയത്ത് മെത്രാപ്പോലീത്താമാരിലൊരാൾ പള്ളിക്കകം മുഴുവനും ധൂപാർപ്പണം നടത്തുന്നു. അദ്ദേഹത്തോടൊപ്പം ശുശ്രൂഷകർ ഇരുവശങ്ങളിലുമായി കത്തിച്ച മെഴുകുതിരികളും മറുബഹസാകളും (കിലുക്കാതെ) വഹിച്ചുകൊണ്ട് അനുധാവനം ചെയ്യുന്നു. തുടർന്നുവരുന്ന ഗീതങ്ങളും എത്രോയും കഴിയുമ്പോൾ വേദവായനകളാണുള്ളത്. മെത്രാൻ സ്ഥാനത്തെപ്പറ്റിയുള്ള ഒന്നാം വായനയും (അപ്പ 1:4–8, 1 പത്രോ.5:14) വിശുദ്ധ പൗലോസിന്റെ തിമോത്തിയോസിനുള്ള നിർദ്ദേശങ്ങളടങ്ങുന്ന രണ്ടാം വായനയും കഴിയുമ്പോൾ സുവിശേഷവായനയാണ്. സ്ഥാനാർത്ഥിയുടെ ചുമലിൽ ഏവൻഗേലിയോൻ ഗ്രന്ഥം പിടിച്ചുകൊണ്ടാണ് സുവിശേഷം (മത്താ.16:13–19) വായിക്കുന്നത്. മെത്രാൻസ്ഥാനം സുവിശേഷമാകുന്ന നുകം വഹിക്കാനുള്ള വിളിയാണെന്ന് ഇത് നമ്മെ ഓർമ്മിപ്പിക്കുന്നു.

ഒമോലോഗിയോ വായനയാണ് അടുത്തത്. കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സഭയുടെ കറയില്ലാത്ത സത്യവിശ്വാസത്തോടുള്ള വിശ്വസ്തതയും സഭാധികാരികളോടും പരിശുദ്ധ സുനഹദോസിനോടുമുള്ള വിധേയത്വവും വിശ്വസ്തതയും പ്രഖ്യാപിക്കുന്നതാണ് ഒമോലോഗിയോ. മദ്ബഹായിൽ ദൈവജനത്തിന് അഭിമുഖമായി കാതോലിക്കാബാവായും സഹകാർമ്മികരും ഉപവിഷ്ടരാകുമ്പോൾ സ്ഥാനാർത്ഥിയുടെ മുഖം മൂടിയിരുന്ന വെള്ളശീല എടുത്തുമാറ്റുന്നു. സ്ഥാനാർത്ഥിയോട് "ഒമോലോഗിയോ" വായിക്കാനാവശ്യപ്പെടുന്നു. അദ്ദേഹം ജനത്തിനഭിമുഖമായി നിന്നുകൊണ്ട് സ്വന്തം കൈപ്പടയിൽ എഴുതിയ വിശ്വാസ പ്രഖ്യാപനവും പ്രതിജ്ഞയും വായിക്കുന്നു. തുടർന്ന് പ്രതിജ്ഞാപത്രം ഒപ്പിട്ട് കാതോലിക്കാബാവായെ ഏൽപ്പിക്കുന്നതോടെ ഒന്നാമത്തെ തെശ്മെശ്ത്തോ അവസാനിക്കുന്നു.

**2. പരിശുദ്ധാത്മാഭിഷേകം (Epiclesis)**

മെത്രാഭിഷേകത്തിന്റെ മർമ്മപ്രധാനമായ ഭാഗമാണ് രണ്ടാമത്തെ തെശ്മെശ്ത്തോ. പ്രാരംഭപ്രാർത്ഥനക്കുശേഷം അനുതാപത്തിന്റെ 51-ാം സങ്കീർത്തനം ആലപിച്ചുകൊണ്ട് "ഹൂസോയോ വീലി" (പുണ്യമെനിക്കാകുക....) എന്ന ഗാനം ആരംഭിക്കുന്നു. അമൂല്യപരിമളമായ മൂറോൻ പോലെ പരിശുദ്ധാത്മാവ് അർത്ഥിയുടെമേൽ വന്ന് ആവസിച്ച് അഭിഷേകം ചെയ്യണമേ എന്ന് ദൈവജനമൊന്നാകെ തീക്ഷ്ണമായി പ്രാർത്ഥിക്കുന്നു. അതിനുശേഷം വീണ്ടും പ്രുമിയോൻ സെദറായാണ്. ഈ സമയത്ത് വീണ്ടും ഒരു മേൽപ്പട്ടക്കാരൻ ആദ്യശുശ്രൂഷയിൽ ചെയ്തതുപോലെ പള്ളി മുഴുവൻ ധൂപാർപ്പണം നടത്തുന്നു. സെദറാ പ്രാർത്ഥനയ്ക്കുശേഷം വീണ്ടും 150-ാം സങ്കീർത്തനം ആലപിക്കുകയും "സീനായ് മലമേൽ വന്നതിനെ ..." എന്ന ഗാനം പാടി പരിശുദ്ധാത്മാവിന്റെ വരവിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. തുടർന്ന് എത്രോ പ്രാർത്ഥനയ്ക്കുശേഷം പരിശുദ്ധാത്മ അഭിഷേകമാണ് നടക്കുന്നത്. മദ്ബഹായുടെ വാതിൽക്കൽ വന്നുനിന്ന് ഒരു മേൽപ്പട്ടക്കാരൻ 'ബലഹീനരെ ശക്തരും കുറവുള്ളവരെ തികവുറ്റവരുമാക്കിത്തീർത്ത് സഭാകാര്യങ്ങളിൽ തൽപരരാക്കുന്ന **ആ ദൈവീകകൃപ** അനുഗ്രഹീതമായ (ഇന്ന) ഭദ്രാസനത്തിന്റെ എപ്പിസ്ക്കോപ്പാ സ്ഥാനസ്വീകരണത്തിനായി വിളിക്കപ്പെട്ട് ഇവിടെ അടുത്തുവന്നിരിക്കുന്നവനും തിരുപ്പട്ടം സ്വീകരിക്കുന്നവനുമായ ദൈവസ്നേഹം നിറഞ്ഞ (ഇന്നാരുടെ) മേൽ ഉണ്ടാകുമാറാകട്ടെ. ഇദ്ദേഹത്തിന്റെ മേൽ പരിശുദ്ധ റൂഹായുടെ കൃപയും ആവാസവും ഉണ്ടാകുവാനായിട്ട് നാമെല്ലാവരും പ്രാർത്ഥിച്ച് മൂന്നുപ്രാവശ്യം കുറിയേലായിസോൻ എന്ന് ഉച്ചത്തിൽ ചൊല്ലണം' എന്ന കോറൂസൂസോ ചൊല്ലുന്നതോടുകൂടി കൈവെപ്പ് ശുശ്രൂഷ അഥവാ പട്ടാഭിഷേകകർമ്മം ആരംഭിക്കുന്നു.

സ്ഥാനാർത്ഥി പ്രധാന കാർമ്മികന്റെ വലതുവശത്ത് ദർഗായ്ക്കുതാഴെ മുട്ടിൻമേൽ നിൽക്കുന്നു. പ്രധാന കാർമ്മികൻ തന്റെ കാപ്പയ്ക്കുള്ളിൽ സ്ഥാനാർത്ഥിയെ മറയ്ക്കുന്നു. തിരുശരീരരക്തങ്ങളുടെമേൽ കൈകൾ ആവസിപ്പിച്ചശേഷം പൂജാപാത്രങ്ങളിൽ നിന്ന് ശക്തി ആവഹിക്കുന്നു. ഈ സമയത്ത് സഹകാർമ്മികർ വിശുദ്ധ ഏവൻഗേലിയോനിലെ ലൂക്കാ 4:18, 24 എന്നീ വാക്യങ്ങൾ തുറന്ന് പ്രധാന കാർമ്മികന്റെ കൈകളുടെ മുകളിൽ കമിഴ്ത്തിപ്പിടിക്കുന്നു. രണ്ടുപേർ മറുബഹസാ ഏവൻഗേലിയോന് മുകളിലായി പിടിച്ച് കിലുക്കുന്നു. പ്രധാനകാർമ്മികൻ കൈകൾ ഉയർത്തുകയും താഴ്ത്തുകയും ചെയ്യുന്നതോടൊപ്പം സഹകാർമ്മികർ ഏവൻഗേലിയോൻ പുസ്തകം ഉയർത്തുകയും താഴ്ത്തുകയും ചെയ്യുന്നു. അനന്തരം പ്രധാന കാർമ്മികൻ സ്ഥാനാർത്ഥിയുടെ തലയിൽ കൈവയ്ക്കുന്നു. പ്രധാനകാർമ്മികൻ സ്ഥാനാർത്ഥിയുടെ തലയിൽ കൈവച്ചുകൊണ്ട് പരിശുദ്ധാത്മാവിനെ ക്ഷണിച്ചുവരുത്തുന്ന രഹസ്യപ്രാർത്ഥന ചൊല്ലുന്നു. അപ്പോൾ വൈദീകഗണം പരിശുദ്ധാത്മഗീതങ്ങൾ പാടുകയോ കുറിയേലായ്സോൻ എന്ന് പ്രാർത്ഥിക്കുകയോ ചെയ്യുന്നു. രണ്ട് വ്യത്യസ്തമായ കൈവെപ്പ് പ്രാർത്ഥനകൾ നിലവിലുണ്ട്. ഒന്നാമത്തേത് സാധാരണയായി മെത്രാന്മാരെ വാഴിക്കുമ്പോൾ ഉള്ളതും രണ്ടാമത്തേത് പാത്രിയാർക്കീസ്/കാതോലിക്കോസ് തുടങ്ങിയ സഭാതലവന്മാരെ വാഴിക്കുമ്പോൾ മാത്രം ഉപയോഗിക്കുന്ന വിശുദ്ധ ക്ലീമിസിന്റെ നാമത്തിലുള്ള പ്രാർത്ഥനയുമാണ്.

കൈവെപ്പ് പ്രാർത്ഥനയും പരിശുദ്ധാത്മ അഭിഷേകവും കഴിഞ്ഞ് നാമകരണ ചടങ്ങാണ്. ഈ സമയത്താണ് നവാഭിഷിക്തനായ മെത്രാന് താൻപോലും അറിയാതെ പുതിയ പേര് നൽകപ്പെടുന്നത്. ഇത് സുറിയാനി സഭയുടെ ഒരു പ്രത്യേകതയാണ്. അതുവരെ അർത്ഥി ഉൾപ്പെടെ മറ്റാരും അറിയാതെ രഹസ്യമായി സൂക്ഷിച്ചിരുന്ന പേര് പ്രധാന കാർമ്മികനും അർക്കദിയാക്കോനും പ്രഖ്യാപിക്കുന്നു. പ്രധാന കാർമ്മികൻ പട്ടം സ്വീകരിച്ചയാളിന്റെ നെറ്റിയിൽ തള്ളവിരൽകൊണ്ട് സ്ലീബാ അടയാളത്തിൽ പരിശുദ്ധ ത്രിത്വത്തിന്റെ നാമത്തിൽ മുദ്രയിട്ടുകൊണ്ട് "(....പേര്) ഇന്ന ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്താ ആയി അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്നു" എന്ന് പറഞ്ഞ് പ്രഖ്യാപിക്കുന്നു. ഇതിനുശേഷം നവാഭിഷിക്തനായ മെത്രാപ്പോലീത്തായെ ബാക്കി അംശവസ്ത്രങ്ങൾ കൂടി ധരിപ്പിക്കുകയും കഴുത്തിൽ കുരിശുമാലയും കൈയിൽ പിടിക്കുന്ന സ്ലീബായും കൊടുക്കുന്നു.

**3. സിംഹാസനാരോഹണം (സുന്ത്രോണീസോ)**

മെത്രാഭിഷേക ശുശ്രൂഷയുടെ മൂന്നാം ഭാഗമാണ് സുന്ത്രോണിസോ. നവാഭിഷിക്തനെ മേൽപ്പട്ടക്കാരന്റെ അംശവസ്ത്രങ്ങൾ ധരിപ്പിക്കുകയും സിംഹാസനത്തിലിരുത്തി ഉയർത്തി "ഇവൻ യോഗ്യനാകുന്നു" എന്ന് അർത്ഥമുള്ള "**ഓക്സിയോസ്**" എന്ന ഗ്രീക്ക് ഭാഷയിലുള്ള അംഗീകാരസ്തുതി പാടുകയും ചെയ്യുന്നു. സിംഹാസനത്തിലിരുത്തി നവാഭിഷിക്തനെ ഉയർത്തി 'ഓക്സിയോസ്' ചൊല്ലുമ്പോൾ സുറിയാനി സഭയിൽ ആർപ്പും കുരവയും കേൾക്കാം. ഓക്സിയോസിനുശേഷം അഭിനവമെത്രാപ്പോലീത്താ സിംഹാസനത്തിലിരുന്നുകൊണ്ട് ഏവൻഗേലിയോനിലെ നല്ല ഇടയന്റെ ഉപമ വായിക്കുന്നു. ആട്ടിൻകൂട്ടത്തിന്റെ ഐക്യത്തിനുവേണ്ടി സ്വന്തജീവൻ സമർപ്പിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്നും അതിന് താൻ തയ്യാറാണെന്നും അഭിനവ മെത്രാപ്പോലീത്താ പ്രഖ്യാപിക്കുകയാണിവിടെ.

ഏവൻഗേലിയോൻ വായനക്കുശേഷം അഭിനവ മെത്രാപ്പോലീത്താക്കുവേണ്ടിയുള്ള മദ്ധ്യസ്ഥ പ്രാർത്ഥന (കോറൂസൂസോ) ആണ്. തുടർന്ന് കൃതജ്ഞതാ പ്രാർത്ഥനയ്ക്കുശേഷം നവാഭിഷിക്തനായ മെത്രാപ്പോലീത്തായ്ക്ക് അജപാലനാധികാരത്തിന്റെ ചിഹ്നമായ അംശവടി കൊടുക്കലാണ്. പ്രാധന കാർമ്മികൻ അഭിനവ എപ്പിസ്കോപ്പായുടെ കൈയ്ക്കുപിടിച്ച് സിംഹാസനത്തിൽ നിന്നും എഴുന്നേൽപ്പിക്കുന്നു. അംശവടികൊണ്ടുവന്ന് അതിന്റെ മുകൾഭാഗത്ത് പ്രധാന കാർമ്മികൻ (കാതോലിക്കാബാവാ) പിടിക്കുന്നു. അദ്ദേഹത്തിന്റെ കൈയ്ക്കു കീഴിലായി മറ്റ് എപ്പിസ്കോപ്പാമാർ ഓരോരുത്തരും അവരവരുടെ സ്ഥാനമുറയനുസരിച്ച് പിടിക്കുന്നു. എല്ലാവരുടെയും കൈയ്ക്കു താഴെയായി അഭിനവ എപ്പിസ്കോപ്പായും പിടിക്കുന്നു. അപ്പോൾ പ്രധാന കാർമ്മികൻ "കർത്താവ് സിയോനിൽ നിന്ന് ബലമുള്ള ചെങ്കോൽ അങ്ങേക്ക് അയച്ചുതരട്ടെ. ശത്രുക്കളുടെമേൽ അങ്ങേക്ക് അധികാരം നൽകുകയും ചെയ്യട്ടെ" എന്ന് ഉച്ചത്തിൽ ചൊല്ലുമ്പോൾ ദൈവജനം അത് ഏറ്റുപാടുന്നു. അനന്തരം അഭിനവ എപ്പിസ്കോപ്പായുടെ കൈയ്ക്കു നേരെ മുകളിൽ പിടിച്ചിരിക്കുന്നയാൾമുതൽ ഓരോരുത്തരായി അംശവടിയിൽ നിന്ന് കൈവിടുകയും അതിനനുസൃതമായി അഭിനവ മെത്രാപ്പോലീത്താ കൈ ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നു. ഒടുവിൽ പ്രധാന കാർമ്മികനും അംശവടിയിൽ നിന്ന് പിടിവിട്ട് അഭിനവ മെത്രാപ്പോലീത്തായുടെ കയ്യിൽ മാത്രമായി ഏൽപ്പിക്കുന്നു. അനന്തരം പ്രധാന കാർമ്മികൻ പദവിമേൽ കയറി കിഴക്കോട്ട് അഭിമുഖമായി നിന്നുകൊണ്ട് പുതിയ മെത്രാപ്പോലീത്താ മാത്രം കേൾക്കത്തക്കവിധത്തിൽ രഹസ്യോപദേശം നൽകുന്നു. അപ്പോൾ എല്ലാവരും താഴ്ന്ന സ്വരത്തിൽ കുറിയേലായിസോൻ എന്ന് ചൊല്ലിക്കൊണ്ടിരിക്കുന്നു. ഒരു മെത്രാന്റെ ജീവിതവും ശുശ്രൂഷയും എങ്ങനെയായിരിക്കണമെന്ന് വളരെ കൃത്യമായി വരച്ചുകാട്ടുന്ന ഒരു ഉപദേശവും ഉദ്ബോധനവുമാണത്.

തുടർന്ന് നവാഭിഷിക്തനുവേണ്ടിയുള്ള 6 വലിയ മദ്ധ്യസ്ഥ പ്രാർത്ഥനകളാണ് മേൽപ്പട്ട സ്ഥാനത്തിന്റെ വിവിധ ദൈവശാസ്ത്ര വശങ്ങളെപ്പറ്റിയുള്ള പരാമർശങ്ങൾ ഇതിൽ കാണാം. കോറൂസൂസോയെ തുടർന്ന് നവാഭിഷിക്തനായ മെത്രാപ്പോലീത്തായുടെ പേരിന് ആധാരമായ സ്വർഗ്ഗീയ മദ്ധ്യസ്ഥന്റെ നാമത്തിൽ മാദ്ധ്യസ്ഥം യാചിച്ചുകൊണ്ടുള്ള മാനീസാ ചൊല്ലുന്നു. തുടർന്ന് പ്രധാന കാർമ്മികനും സഹകാർമ്മികരും മെത്രാപ്പോലീത്താമാരും നവാഭിഷിക്തന് സമാധാനചുംബനം കൊടുത്തശേഷം അദ്ദേഹത്തെ മദ്ബഹായുടെ വാതിൽക്കലേക്ക് ആനയിക്കുന്നു. അദ്ദേഹം അംശവടികൊണ്ട് സ്ലീബായുടെ രൂപത്തിൽ മൂന്നു പ്രാവശ്യം ദൈവജനത്തെ ആശീർവദിക്കുന്നു. ഇതോടെ മെത്രാഭിഷേക ശുശ്രൂഷ സമാപിക്കുന്നു. തദനന്തരം വിശുദ്ധ കുർബാനയുടെ ശേഷഭാഗം പൂർത്തീകരിക്കാനായി പ്രധാന കാർമ്മികൻ അഭിനവ മെത്രാപ്പോലീത്തായെ ഭരമേൽപ്പിക്കുന്നു. മെത്രാഭിഷേക കർമ്മത്തിന്റെ മൂന്നാം ഭാഗമായ സുന്ത്രോണീസോ അഥവാ സിംഹാസനാരോഹണം ഒരു മെത്രാൻ തന്റെ ഭദ്രാസനത്തിൽ ആദ്യമായി വന്ന് ഔദ്യോഗികമായി അതിന്റെ അജപാലന ചുമതല ഏറ്റെടുക്കുമ്പോൾ നടത്തുന്ന ശുശ്രൂഷ ആണ്. സത്യത്തിൽ മെത്രാഭിഷേകത്തിന്റെ "ഓക്സിയോസ്" മുതലുള്ള ഭാഗത്തിന്റെ ഒരു ആവർത്തനമാണിത്. മെത്രാഭിഷേകം തന്റെ സ്വന്തം ഭദ്രാസന ദേവാലയത്തിൽ വച്ചാണെങ്കിൽ പിന്നീട് വേറെ ഒരു പ്രത്യേക സുന്ത്രോണിസോ നടത്തേണ്ടതില്ല എന്നർത്ഥം.

**B. മെത്രാഭിഷേകം: ഒരു ദൈവശാസ്ത്ര വിശകലനം**

മെത്രാഭിഷേക ശുശ്രൂഷയുടെ സഭാശാസ്ത്രപരവും ആരാധനാ ദൈവശാസ്ത്രപരവുമായ അർത്ഥതലങ്ങൾ പൂർണ്ണമായി വിശദീകരിക്കാൻ ഇവിടെ പരിമിതികളുണ്ട്. എങ്കിലും വളരെ ചുരുങ്ങിയ വാക്കുകൾ ഇവിടെ തീർച്ചയായും പ്രസക്തമാണ് എന്നതുകൊണ്ട് ചില പ്രധാന കാര്യങ്ങൾ മാത്രം പ്രസ്താവിക്കട്ടെ.

**1. അപ്പസ്തോലിക പിൻതുടർച്ചയും കൈവെപ്പും**

ഒരു മെത്രാപ്പോലീത്തായെ സ്വീകരിക്കുമ്പോൾ കേൾക്കുന്ന ഗാനത്തിൽ തന്നെ പറയുന്നുണ്ട് 'നിബിനിവഹത്തിൻ പ്രിയസഹജാ അപ്പസ്തോല സമൂഹസ്ഥാ' എന്ന്. മെത്രാൻ സ്ഥാനത്തേക്ക് ഉയർത്തപ്പെടുന്നതോടെ ശ്ലീഹന്മാരുടെ സ്ഥാനത്ത് നിന്നു കൈവെപ്പു നൽകാനുള്ള അധികാരമാണ് അദ്ദേഹം നേടുന്നത്.

**2. മണവാളനായ ക്രിസ്തുവിന്റെ സ്ഥാനത്ത്**

സഭയുടെ നാഥനും മണവാളനുമായ ക്രിസ്തുവിന്റെ പ്രതിപുരുഷൻ എന്ന നിലയിൽ മിശിഹായേപ്പോലെ തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന പ്രാദേശിക സഭയുടെ (ഭദ്രാസനത്തിന്റെ) മണവാളനും സംരക്ഷകനും പരിപാലകനുമാണ് മെത്രാൻ. തന്റെ കയ്യിലുള്ള മുദ്രമോതിരം അതിന്റെ അടയാളമാണ്.

**3. മെത്രാൻ : സുവിശേഷപരിമളവാഹകൻ**

അപ്പസ്തോലസ്ഥാനം വചനപ്രഘോഷണത്തിനുള്ള പ്രത്യേക വിളിയാണ്. മെത്രാഭിഷേക ശുശ്രൂഷയുടെ ഏറ്റവും പ്രധാന ഭാഗങ്ങളായ സുവിശേഷവായനയും കൈവെപ്പ് ശുശ്രൂഷയും നടക്കുന്നത് സ്ഥാനാർത്ഥിയുടെ തോളിൽ അല്ലെങ്കിൽ തലക്ക് മുകളിൽ വേദഗ്രന്ഥം പിടിച്ചുകൊണ്ടാണ്. സുവിശേഷത്തിന്റെ പരിമളം പരത്താനുള്ള തന്റെ ദൗത്യത്തെപ്പറ്റി ശുശ്രൂഷയിൽ ഉടനീളം നമുക്ക് കാണാം.

**4. സന്യാസശ്രേഷ്ഠനായ മെത്രാൻ**

സുറിയാനി സഭാപാരമ്പര്യത്തിൽ ഒരു പൂർണ്ണ സന്യാസിയെയാണ് മെത്രാനായി അഭിഷേകം ചെയ്യുന്നത്. "ഏലിയാപോൽ ഉജ്ജ്വലനേ, യൂഹാനോൻപോൽ വ്രതവരനേ" എന്ന് സഭ തന്റെ ഇടയനെ കണ്ട് പാടുന്നത് സന്യാസ വിരക്തിയിലും തീക്ഷണതയിലും മുന്നിട്ട് നിൽക്കുന്നവൻ എന്ന അർത്ഥത്തിലാണ്.


**5. വിശുദ്ധ കുർബാനയില്ലാതെ മെത്രാനില്ല, മെത്രാനില്ലാതെ വിശുദ്ധ കുർബാനയും**

തുടക്കത്തിൽതന്നെ സൂചിപ്പിച്ചതുപോലെ അന്ത്യോക്യൻ ആരാധനാക്രമമനുസരിച്ച് വിശുദ്ധ കുർബാനയില്ലാതെ പട്ടത്വവരദാന ശുശ്രൂഷ നടക്കില്ല. അതുപോലെ പട്ടത്വമുള്ള മെത്രാൻ അല്ലെങ്കിൽ വൈദികൻ ഇല്ലാതെ വിശുദ്ധ കുർബാനയും നടക്കില്ല. ദിവ്യരഹസ്യങ്ങളിൽ നിന്ന് ശക്തി ആവഹിച്ചെടുത്ത് അർത്ഥിയുടെ ശിരസിലും ദേഹം മുഴുവനും ആവസിപ്പിക്കുകയും അഭിഷേകം

*(തുടർച്ച 11-ാം പേജിൽ)*

www.malankaralibrary.com





മുഖമൊഴി

# ദൈവകൃപയുടെ അമൃതധാര

**ഡോ. എബ്രഹാം ജോർജ്ജ്**
*സുവിശേഷസംഘം*
*തിരുവനന്തപുരം മേജർ അതിഭദ്രാസനം*

മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ രണ്ടു എപ്പിസ്കോപ്പാമാർ കൂടി അഭിഷിക്തരാകുന്നു. ദൈവകൃപയുടേയും സന്തോഷത്തിന്റെയും സന്ദർഭത്തിൽ നമുക്ക് ദൈവത്തിന് നന്ദി അർപ്പിക്കാം. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ കൂരിയ മെത്രാനായി അഭിഷിക്തനാകുന്ന വന്ദ്യ ആന്റണി കാക്കനാട്ട് റമ്പാനും, തിരുവനന്തപുരം മേജർ അതിഭദ്രാസന സഹായമെത്രാനായി അഭിഷിക്തനാകുന്ന വന്ദ്യ മാത്യു മനക്കരക്കാവിൽ കോറെപ്പിസ്കോപ്പായ്ക്കും, റീഹോ ദ് ഏവൻഗേലിയോനിന്റെ ഹൃദയംഗമമായ പ്രാർത്ഥനകളും ആശംസകളും. വന്ദ്യ ആന്റണി കാക്കനാട്ടച്ചൻ കഴിഞ്ഞ രണ്ടു പതിറ്റാണ്ടിലേറെയായി മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തനതായ ആദ്ധ്യാത്മീയ വളർച്ചയിലും പരിപോഷണത്തിലും അനന്യമായ സംഭാവനകൾ നൽകിക്കൊണ്ടിരിക്കുകയാണ്. വന്ദ്യ മാത്യു മനക്കരക്കാവിലച്ചൻ, മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ വിദ്യാഭ്യാസ ശുശ്രൂഷയിൽ മുൻപന്തിയിൽനിന്ന്, മാതൃകാപരമായ നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടുതന്നെ ഈ കൃപയുടെ അവസരം മലങ്കര മക്കൾക്ക് കൂടുതൽ സന്തോഷത്തിനു വക നൽകുന്നു. കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥമനുസരിച്ച് ഒരു മെത്രാന് മൂന്ന് ധർമ്മങ്ങളാണുള്ളത് : പ്രബോധനധർമ്മം, വിശുദ്ധീകരണധർമ്മം, ഭരണധർമ്മം.

പുനരൈക്യത്തോടുകൂടിത്തന്നെ മലങ്കരസഭയിൽ വേദോപദേശ ക്ലാസുകൾ തുടങ്ങുകയും വന്ദ്യ ചേപ്പാട്ട് ഫിലിപ്പോസ് റമ്പാച്ചന്റെ മനോഹരമായ വേദോപദേശ പാഠാവലി ഉപയോഗത്തിലാവുകയും ചെയ്തു. പിന്നീട് കേരളത്തിലെ എല്ലാ കത്തോലിക്കാ വിഭാഗങ്ങൾക്കും കൂടി പൊതുവായ പി.ഒ.സി. പുസ്തകങ്ങൾ നിലവിൽ വന്നു. എന്നാൽ 2002 മുതൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തനതായ ആരാധന പാരമ്പര്യവും, വിശ്വാസപാരമ്പര്യവും പ്രതിഫലിപ്പിക്കുന്ന പാഠപുസ്തകങ്ങൾക്കു നാം രൂപം നൽകി. ഇതിന് നേതൃത്വം നൽകിയത് വന്ദ്യ ആന്റണി കാക്കനാട്ടച്ചനാണ്. ഈ പാഠപുസ്തകങ്ങൾ വായിക്കുന്ന ഏതൊരു വ്യക്തിക്കും നമ്മുടെ സഭയുടെ ആദ്ധ്യാത്മിക-വിശ്വാസ പൈതൃകം വ്യക്തിമായി മനസ്സിലാക്കാം.

അതുപോലെ തന്നെ ബഹുമാനപ്പെട്ട ആന്റണി അച്ചന്റെ, നമ്മുടെ പരമ്പരാഗത വിശ്വാസത്തെപ്പറ്റിയുള്ള കാഴ്ചപ്പാടും നമുക്ക് മനസ്സിലാക്കാം. ഒരു പക്ഷേ പുസ്തകരചനയുമായുള്ള അച്ചന്റെ ബന്ധം അച്ചന്റെയും ബോധ്യങ്ങളെ കൂടുതൽ ശക്തിപ്പെടുത്തിയിരിക്കാം. അത് സുവിശേഷസംഘത്തിന്റെ രൂപീകരണത്തിലും സുവിശേഷസംഘാംഗങ്ങളുടെ പരിശീലനത്തിലും പ്രകടമായിരുന്നുതാനും. പുതിയ മതബോധനഗ്രന്ഥം പ്രാബല്യത്തിൽ വന്നപ്പോൾ ബഹുമാനപ്പെട്ട ആന്റണി അച്ചൻ മതാദ്ധ്യാപകരെ പരിശീലിപ്പിക്കാൻ ഏറെ പരിശ്രമിച്ചിരുന്നു. അതുപോലെ സുവിശേഷസംഘത്തിന്റെ പരിശീലനത്തിലും അച്ചൻ ധാരാളം യാത്ര ചെയ്യുകയും സഭയുടെ എല്ലാ മേഖലകളിലും എത്തിച്ചേരുകയും ചെയ്തു.

ഗ്രന്ഥകർത്താവ്, തിരുവല്ല അതിഭദ്രാസന വികാരി ജനറൽ, ഇടവക വൈദികൻ, ഗായകൻ, മതബോധന ഗ്രന്ഥങ്ങളുടെ രചയിതാവ്, മതാദ്ധ്യാപക പരിശീലകൻ, സെമിനാരി പ്രൊഫസർ, സുവിശേഷസംഘത്തിന്റെ നട്ടെല്ല്, മലങ്കര കാത്തലിക് ടിവിയുടെ സംഘാടകൻ എന്നീ നിലകളിലെല്ലാമുള്ള അച്ചന്റെ പരിചയം സഭാ ആസ്ഥാനത്തു തന്നെയുള്ള അച്ചന്റെ ശുശ്രൂഷകളെ ബലപ്പെടുത്തും എന്നുള്ളതിന് യാതൊരു സംശയവുമില്ല. മാർ ഈവാനിയോസ് പിതാവിന്റെ ആദ്ധ്യാത്മീയത ആഴത്തിൽ മനസ്സിലാക്കാനും, നിത്യതയിലേക്കു കടന്നുപോയ പ്രിയപ്പെട്ട സൈമൺ ഇലവുത്തിങ്കൽ അച്ചനിലൂടെ മലങ്കര കാത്തലിക് ടിവിയിലൂടെ വിശ്വാസികളിലേക്ക് എത്തിക്കുന്നതിന് ആന്റണി അച്ചന് സാധിച്ചു. ലോക്ക് ഡൗൺ കാലത്തു മലങ്കര കാത്തലിക് ടിവിയിലൂടെയുള്ള വിശുദ്ധ കുർബാന വിശ്വാസികൾക്ക് ഏറെ ഉപകാരപ്പെട്ടു. മലങ്കരസഭയിൽ ജീവിത വിശുദ്ധിയുള്ള, പ്രാർത്ഥനാ ചൈതന്യമുള്ള, കൗദാശികജീവിതമുള്ള, കുർബാനാ കേന്ദ്രീകൃത ജീവിതമുള്ള, ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിന് ബഹുമാനപ്പെട്ട ആന്റണി കാക്കനാട്ടച്ചന് സാധിച്ചു. അവരുടെ പ്രാർത്ഥനകൾ അച്ചന്റെകൂടെ എപ്പോഴും ഉണ്ടായിരിക്കും. അത് പ്രിയപ്പെട്ട അച്ചന്റെ പുതിയ ദൗത്യത്തെ, ശുശ്രൂഷാമേഖലകളെ സഹായിക്കും.

വന്ദ്യ മാത്യു മനക്കരകാവിലച്ചൻ, ബഹുഭാഷാപണ്ഡിതനും, ഗ്രന്ഥകാരനും, തിരുവനന്തപുരം മാർ ഈവാനിയോസ് കേളേജ് പ്രിൻസിപ്പൽ എന്ന നിലയിൽ കേരളത്തിന്റെ വിദ്യാഭ്യാസരംഗത്ത് തനതായ സംഭാവനകൾ നൽകിയ വ്യക്തിയാണ്. മാർ ഈവാനിയോസ് കോളേജ് ഹോസ്റ്റൽ വാർഡൻ, ബർസാർ, പ്രൊഫസർ, പ്രിൻസിപ്പാൾ, എം. എസ്. സി. കോളേജുകളുടെ മാനേജർ എന്നീ നിലകളിൽ എല്ലാം ബഹു. അച്ചൻ വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തിയാണ്. ഫ്രഞ്ച് സാഹിത്യത്തിൽ ഗവേഷണ ബിരുദം നേടിയ അച്ചൻ, ഫ്രഞ്ച് സാഹിത്യത്തിലേയും മലയാള സാഹിത്യത്തിലേയും ശക്തരായ രണ്ട് സ്ത്രീപക്ഷ എഴുത്തുകാരികളെപ്പറ്റി ആഴമായി പഠിച്ചു, സിമോൺ ദി ബുവറും, മാധിവിക്കുട്ടിയും. മാർ ഈവാനിയോസ് കോളേജ് പ്രിൻസിപ്പൽ എന്ന നിലയിൽ UGC, NAAC എന്നിവയുടെ പല സമിതികളിലും നയരൂപീകരണത്തിലും ബഹു. അച്ചൻ വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്തോടൊപ്പം നല്ല ഒരു ഇടവക വൈദികനായും, നല്ല മിഷനറിയായും അച്ചൻ പേരെടുത്തിട്ടുണ്ട്. കല്ലടിച്ചവിള സെന്റ് ജൂഡ് ദൈവാലയവും, ഇടവകയും അച്ചന്റെ മിഷൻ ചൈതന്യത്തിന്റെ നിത്യസ്മാരകങ്ങളാണ്. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ മുഖ്യ വികാരി ജനറൽ എന്ന നിലയിൽ അത്യഭിവന്ദ്യ കാതോലിക്കാബാവായോടൊപ്പം സ്തുത്യർഹമായ സേവനമാണ് നിർവഹിച്ചുകൊണ്ടിരിക്കുന്നത്. ബഹു. മനക്കരക്കാവിലച്ചന്റെ ബഹുമുഖമായ കഴിവുകൾ തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ സഹായിക്കും. അതിന് അഭിവന്ദ്യ പിതാവിനെ സർവശക്തൻ സഹായിക്കട്ടെ.

നമുക്ക് തുടർന്നും നവാഭിഷിക്തരായ പിതാക്കന്മാർക്കുവേണ്ടി പ്രാർത്ഥിക്കാം. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ മാദ്ധ്യസ്ഥം യാചിക്കാം. അഭിവന്ദ്യ പിതാക്കന്മാരെ, സുവിശേഷസംഘാംഗങ്ങളുടെ എല്ലാ ആശംസകളും, അഭിനന്ദനങ്ങളും, പ്രാർത്ഥനകളും.



# സ്നേഹനിർഭരമായ നന്ദി

**തങ്കമ്മ ജോസഫ്**
സുവിശേഷസംഘം
തിരുവല്ല അതിഭദ്രാസനം

നിയുക്ത കൂരിയാ മെത്രാനായി തെരഞ്ഞെടുക്കപ്പെട്ട ബഹു. ആന്റണി കാക്കനാട്ട് അച്ചന് പ്രാർത്ഥനാശംസകൾ

തിരുവല്ല, അതിരൂപത വൈദികൻ, ചാൻസിലർ, വികാരി ജനറാൾ, മതബോധന ഡയറക്ടർ, സുവിശേഷസംഘം ഡയറക്ടർ, വിശ്വാസപരിശീലന രംഗത്ത് പാഠപുസ്തകങ്ങളും അനുബന്ധപഠന സഹായികളും എഴുതി തയ്യാറാക്കിയ ഗ്രന്ഥകർത്താവ്, സഭാതലത്തിൽ മതബോധനരംഗത്ത് ഏകീകരണം വരുത്തിയ മഹാന്മൻ, ഇങ്ങനെ നിരന്തരം പ്രവർത്തന നിരതനായിരുന്ന ബഹു. അച്ചന് തിരുവല്ല അതിരൂപത മക്കളുടെ സ്നേഹനിർഭരമായ നന്ദി പ്രാർത്ഥനാപൂർവ്വം അറിയിക്കുന്നു.

സഭാതല സുവിശേഷ സംഘം സെക്രട്ടറിയായി നിയമിതനായ ശേഷം സഭാതലത്തിലും ഭദ്രാസനതലത്തിലും ബാഹ്യകേരളമിഷൻ രംഗത്തും ആഗോളത്തലത്തിലുമായി സുവിശേഷ സംഘാംഗങ്ങൾക്ക് പരിശീലനം നടത്തി, കൈവയ്പ്പ് ശുശ്രൂഷ നടത്തി സുവിശേഷത്തിന്റെ, പരിമളം പരത്തുന്ന സന്ദേശവാഹകനാക്കാൻ ബഹു. അച്ചന് സാധിച്ചു. അത് വളരെയധികം ശ്ലാഘനീയം തന്നെ. ഇപ്പോൾ വൈദിക ജില്ല അടിസ്ഥാനത്തിലും സുവിശേഷ സംഘത്തിന്റെ പരിശീലനം നടക്കുന്നതിലും വളരെയധികം സന്തോഷിക്കുന്നു; നന്ദി അറിയിക്കുന്നു.

കോവിഡ് 19 എന്ന മഹാമാരിയുടെ മൂർദ്ധന്യാവസ്ഥയിലും തനിക്ക് നേരിടേണ്ടി വന്ന രോഗത്തേയും ശാരീരിക അസ്വസ്ഥതകളെയും തൃണവൽഗണിച്ചുകൊണ്ട് മനസ്സുപതറാതെയും കാലിടറാതെയും ആത്മീയമായി ഞങ്ങളെ ചേർത്തുപിടിച്ച് സുവിശേഷത്തിന്റെ ആദ്ധ്യാത്മികതയിലും ചൈതന്യത്തിലും ആനന്ദത്തിലും ജീവിക്കുവാനും പരിമളം പരത്തുവാനും ഞങ്ങളെ പഠിപ്പിക്കയും ചിന്തിപ്പിക്കുകയും ധ്യാനിപ്പിക്കുകയും പ്രവർത്തിപഥത്തിൽ രൂപപ്പെടുത്തുകയും പ്രാർത്ഥനാ നിരതരാക്കി മാറ്റുകയും ചെയ്ത ബഹു. അച്ചനോടുള്ള നന്ദി അവർണ്ണനീയമാണ്.

മലങ്കര കത്തോലിക്കാ ടി.വി യിലൂടെ പ്രഭാതകിരണങ്ങൾ, വി.കുർബാന, ഹൃദയപൂർവ്വം, സന്തോഷത്തിന്റെ സദ്വാർത്ത, സുറിയാനി ഭാഷാപഠനം, കൃപനിറയുന്ന കുടുംബങ്ങൾ, ആഴ്ചയിലെ പ്രധാനവിശുദ്ധർ, ഇവാനിയൻ വഴി, ഇവാനിയൻ ക്വിസ്, വിശ്വാസവും യുക്തിയും, മലങ്കര കത്തോലിക്കാ സഭാവാർത്തകൾ, നോമ്പുകാല ധ്യാനചിന്തകൾ, ധ്യാനങ്ങൾ, യാമപ്രാർത്ഥനകൾ, വി. കുർബാന ഗീതങ്ങൾ, സ്ലീബാ ആഘോഷം, ഓശാന, പെസഹാ വ്യാഴം, ദുഃഖവെള്ളി, ഉയിർപ്പ്, ആദിയായവയുടെ പ്രത്യേക പ്രാർത്ഥനകൾ, വി. കുർബാന ഗാനങ്ങൾ, അഭിവന്ദ്യ ബർണ്ണബാസ് തിരുമേനിക്കുവേണ്ടി ഉള്ള പ്രാർത്ഥനകൾ, അനുസ്മരണ പ്രാർത്ഥനകൾ, അനുസ്മരണ യോഗങ്ങൾ, അഭിവന്ദ്യ പിതാക്കന്മാരുടെ സ്മരണകൾ, പുനരൈക്യദിനാഘോഷങ്ങൾ, മലങ്കര കത്തോലിക്കാ സഭയുടെ മതബോധനത്തിന്റെ പൊതുവായ അവതരണം, മതാദ്ധ്യാപക പരിശീലനം, പരീക്ഷ, ഒന്നു മുതൽ പന്ത്രണ്ടുവരെയുള്ള പാഠപുസ്തകങ്ങൾ ക്ലാസ്സ് തിരിച്ചുള്ള പഠിപ്പിക്കൽ, ഓരോ പാഠപുസ്തകത്തിലെയും ഗാനപഠനം, വിശേഷദിവസങ്ങളിൽ ലൈവ് ആയി സംപ്രേഷണം ചെയ്യുന്ന വിശുദ്ധ കുർബാന, ചൊവ്വാഴ്ചയിലെ സുവിശേഷ സന്ധ്യ, ലക്സിയോ ദീവിന, വെള്ളിയാഴ്ച നടത്തുന്ന ഇവാനിയൻ പ്രയർ, മറ്റ് സൂം പ്രയർ, സൂം മീറ്റിംഗ്, ആദിയായവ ഞങ്ങളുടെ മനോമുകുരത്തിൽ മരണംവരെയും നിലനിൽക്കും. ഞങ്ങളെ ഇത്രമാത്രം പ്രബുദ്ധരാക്കിയ ഞങ്ങളുടെ ആത്മീയപിതാവിനോടുള്ള നന്ദി നിസ്സീമമത്രേ.

റീഹോ ദ് ഏവൻഗേലിയോൻ എന്ന മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘ പ്രസിദ്ധീകരണത്തിലൂടെ സുവിശേഷസംഘത്തിന്റെ ആത്മീയ ചൈതന്യം ഉൾക്കൊണ്ട് കാരുണ്യത്തിന്റെ പ്രഭയിൽ, സുവിശേഷത്തിന്റെ പരിമളം പരത്തുവാൻ സഹായിച്ചതിൽ വളരെയധികം ചാരിതാർത്ഥ്യം. അങ്ങനെ നാമും നമ്മുടെ കുടുംബങ്ങളും കൃപയുടെ നിറകുടങ്ങളായി ഭവിക്കട്ടെ.

അഭിവന്ദ്യ പിതാക്കന്മരോട് ചേർന്നു നിന്നുകൊണ്ട് സഹപ്രവർത്തകരായ ബഹുമാനപ്പെട്ട ആന്റണി കല്ലിൽ അച്ചൻ, ബഹു. ബനഡിക്ട് മൂഴിക്കര അച്ചൻ, ബഹു. സി. മേരി പ്രസാദ് രൂപതാ ഡയറകേഴ്സ്, കോ-ഓർഡിനേറ്റേഴ്സ് ആദിയായവർക്കെല്ലാം വേണ്ട കരുതലും പ്രോത്സാഹനവും നൽകി പ്രാപ്തരാക്കുന്നതിനുള്ള മഹാമനസ്ക്കതയ്ക്കു മുമ്പിൽ ശിരസ്സു നമിക്കുന്നു. അകൈതവമായ നന്ദി അറിയിക്കുന്നു.

പ്രഥമ സുവിശേഷസംഘം ചെയർമാൻ ആയിരുന്ന ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ബർണ്ണബാസ് പിതാവിന്റെ പിൻഗാമിയായി സുവിശേഷ സംഘാംഗങ്ങളെ നയിക്കാൻ നവാഭിഷിക്തനായി മെത്രാൻസ്ഥാനത്തേക്ക് ഉയർത്തപ്പെടുന്ന അങ്ങേക്ക് തമ്പുരാൻ കൃപയും അനുഗ്രഹവും സമൃദ്ധമായി നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

മോശ, അഹറോൻ, ഏലിയ, എന്നിവരെപ്പോലെ സഭാമക്കളെ നയിക്കാനും പഠിപ്പിക്കുവാനും നവീകരിക്കുവാനും വിശുദ്ധീകരിക്കുവാനും അങ്ങ് സ്വീകരിച്ച വ്രതത്രയങ്ങളും ത്രിവിധ ദൗത്യങ്ങളും ഉബോദ്ബലകമാകട്ടെയെന്ന് ആശംസിക്കുന്നു.

ആചാരത്യ ശുശ്രൂഷയിലൂടെ സുവിശേഷത്തിനു വേണ്ടി ജീവിതം ഉഴിഞ്ഞു വച്ച അദ്ദേഹം സുവിശേഷകയായ മലങ്കര കത്തോലിക്കാ സഭയുടെ ആത്മീയ ചൈതന്യം സമൃദ്ധമായി പകർന്നു നൽകുവാൻ ശ്രേഷ്ഠാചാര്യസ്ഥാനത്തേക്ക് ഉയർത്തപ്പെടുന്ന ബഹു. അച്ചന് ഇടയാകട്ടെ. തമ്പുരാന്റെ മിത്രവും പ്രവാചകനുമായി ജനത്തെ നയിക്കുവാൻ സ്വർഗ്ഗീയ സാന്നിദ്ധ്യം ഉണ്ടാകട്ടെ. കൂരിയാ മെത്രാനായി തെരഞ്ഞെടുക്കപ്പെട്ട അങ്ങേക്ക് സുവിശേഷസംഘം ചെയർമാൻ പദവി ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. അങ്ങയുടെ എല്ലാ ഉദ്യമങ്ങളും മുപ്പതും അറുപതും നൂറും മേനി ഫലം പുറപ്പെടുവിക്കട്ടെയെന്ന് ആശംസിക്കുന്നു.

സർവ്വവിധമായ ഭാവുകങ്ങളും ആശംസകളും നന്ദിയും പ്രാർത്ഥനാപൂർവ്വം സ്നേഹത്തിന്റെ വാടാമലരുകളായി സമർപ്പിക്കുന്നു. ബഹുമാനപ്പെട്ട അച്ചാ, അങ്ങേക്ക് ആയിരമായിരം അഭിവാദ്യങ്ങൾ.

www.malankaralibrary.com



# മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം വാർത്തകൾ



മെയ് 28 ന് പത്തനംതിട്ട സെന്റ് പീറ്റേഴ്സ് കത്തീഡ്രലിൽ വച്ച് അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലിത്തയിൽ നിന്നു കൈവയ്പ്പു സ്വീകരിച്ച പത്തനംതിട്ട ഭദ്രാസന മൂന്നാം ബാച്ചിലെ അംഗങ്ങൾ

## സഭാതല വാർത്തകൾ

### 1. നിയുക്ത കൂരിയാ മെത്രാൻ പ്രഖ്യാപനം, റമ്പാൻസ്ഥാന സ്വീകരണം

2011 മുതൽ സുവിശേഷ സംഘത്തിന്റെ എക്സിക്യൂട്ടിവ് സെക്രട്ടറിയായി ശുശ്രൂഷ ചെയ്തിരുന്ന ബഹു. ആന്റണി കാക്കനാട്ട് അച്ചനെ 2022 മെയ് 7-ാം തിയതി 3.30 മണിയ്ക്ക് സെന്റ് മേരീസ് കത്തിഡ്രൽ ദേവാലയത്തിൽ വച്ച് അത്യഭിവന്ദ്യ ബസേലിയോസ് കർദിനാൾ ക്ലീമ്മീസ് കാതോലിക്കാ ബാവാ മലങ്കര കത്തോലിക്ക സഭയുടെ കൂരിയാ മെത്രാനായി പ്രഖ്യാപിക്കുകയും സ്ഥാനചിഹ്നങ്ങൾ ആണിയിക്കുകയും ചെയ്തു. ജൂൺ മാസം 18-ാം തിയതി രാവിലെ 7.00 മണിക്ക് തിരുവല്ലാ കത്തിഡ്രൽ ദേവാലയത്തിൽ വച്ച് റമ്പാൻ സ്ഥാനം സ്വീകരിച്ചു. ധാരാളം സുവിശേഷസംഘാംഗങ്ങൾ ശുശ്രൂഷകളിൽ പങ്കെടുത്തു. മെയ് 10-ന് നിയുക്ത കുരിയാ മെത്രാനായി നിയമിതനായ വന്ദ്യ മോൺ. ആൻണി കാക്കനാട്ടിനു വേണ്ടി പ്രത്യേക അനുമോദന മീറ്റിംഗ് ഓൺലൈനായി നടത്തി.

### 2. പരിശീലനം

സഭാതലത്തിലുള്ള 7-ാം ബാച്ചിന് കൈവയ്പ്പിന് മുൻപായുള്ള പരീശീലനം 2022 മെയ് 6,7, ജൂൺ 24, 25 എന്നീ തിയതികളിൽ പട്ടം കാതോലിക്കേറ്റ് സെന്ററിൽ വച്ച് നടത്തി. കോവിഡ് മൂലം തടസ്സപ്പെട്ടിരുന്ന സഭാതലം 8-ാം ബാച്ചിന്റെ പരിശീലനം മെയ് മാസം 20, 21 തിയതികളിൽ പട്ടം കാതോലിക്കേറ്റ് സെന്ററിൽ വച്ച് പുനരാരംഭിച്ചു. വന്ദ്യ മോൺ. ആന്റണി കാക്കനാട്ട്, ഫാ. ബനഡിക്റ്റ് മൂഴിക്കര ഒ. ഐ. സി, സി. മേരി പ്രസാദ് ഡി. എം എന്നിവർ നേതൃത്വം നല്കി.

### 3. കൈവയ്പ്പു ശുശ്രൂഷ

സഭാതലം 7-ാം ബാച്ചിൽ പരിശീലനം പൂർത്തിയാക്കിയ 7 ഭദ്രാസനങ്ങളിൽ നിന്നുള്ള 62 പേർ 2022 ജൂൺ 25 മെയ് 7-ാം തിയതി 3.30 മണിക്ക് പട്ടം സെന്റ് മേരീസ് കത്തിഡ്രൽ ദേവാലയത്തിൻ വച്ച് കൈവയ്പ്പ് സ്വീകരിച്ചു. വി.കുർബ്ബാന മദ്ധ്യേ അത്യഭിവന്ദ്യ ബസേലിയോസ് കർദിനാൾ ക്ലീമീസ് കാതോലിക്കാ ബാവായുടെയും അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടേയും കാർമ്മികത്വത്തിൽ കൈവയ്പ്പ് അനുഗ്രഹപ്രദമായി നടന്നു.

### 4. നോമ്പുകാല ധ്യാനം, പ്രത്യേക പ്രാർത്ഥനാ യജ്ഞം

വലിയ നോമ്പിലെ എല്ലാ ചൊവ്വാഴ്ചകളിലും വചനശുശ്രൂഷയും പ്രത്യേക പ്രാർത്ഥനാ കൂട്ടായ്മയും ഓൺലൈനായി നടത്തി. നിയുക്ത മെത്രാൻമാർക്കുവേണ്ടി മെത്രാഭിഷേക-ഒരുക്കപ്രാർത്ഥനാ യജ്ഞം ജൂൺ 19 മുതൽ ജൂലൈ 13 വരെ രാത്രി 8.30 മുതൽ 9.15 വരെ ഓൺലൈനായി നടത്തി.

### 5. ഭദ്രാസനതല ഡയറക്ടേഴ്സ് മീറ്റ്

സുവിശേഷസംഘത്തിന്റ കോവിഡാനന്തര ശുശ്രൂഷകളെപ്പറ്റി ആലോചിക്കുന്നതിനായി ഭദ്രാസനതല ഡയറക്ടേഴ്സ് മീറ്റ് ജൂൺ 16-ാം തിയിതി ഓൺലൈനായി നടത്തി, 9 ഭദ്രാസനതല ഡയറക്ടേഴ്സ് ഇതിൽ പങ്കെടുത്തു.

### 6. ലക്സിയോ ദിവീനാ, സുവിശേഷ സന്ധ്യ, ഇവാനിയൻ പ്രയർ മിനിസ്ട്രി

സുവിശേഷ സംഘാംഗങ്ങളുടെ ആത്മീയ വളർച്ച പരിപോഷിപ്പിക്കുവാനായി എല്ലാ ചെവ്വാഴ്ചയും ലക്സിയോ ദിവീനായും സുവിശേഷ സന്ധ്യയും, എല്ലാ വെള്ളിയാഴ്ചയും മാർ ഇവാനിയോസ് പ്രാർത്ഥന കൂട്ടായ്മയും ഓൺലൈനിൽ നടത്തുന്നു. സെന്റ് മേരീസ് മലങ്കര മേജർ സെമിനാരിയിലെ 37 ശെമ്മാശൻമാർക്കും, 33 ആദ്യ വർഷ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കുമായി കാതോലിക്കേറ്റ് സെന്ററിൽ വച്ച് ലക്സിയോ ദിവീനാ നടത്തി.

## ഭദ്രാസനതല വാർത്തകൾ

### 1. തുടർ പരിശീലനം-സുവിശേഷ സംഗമങ്ങൾ

സഭാതലത്തിലും, ഭദ്രാസനതലത്തിലും കൈവയ്പ്പു സ്വീകരിച്ചവരും പരിശീലനം സ്വീകരിക്കുന്നവരുമായ സുവിശേഷസംഘാംഗങ്ങളുടെ തുടർ പരിശീലനവും സംഗമവും നടന്നു വരുന്നു. 2021 ഡിസംബർ 4-ന് പാറശാല ഭദ്രാസനത്തിലും, 2022 ജനുവരി 8-ന് മാർത്താണ്ഡം ഭദ്രാസനത്തിലും, മാർച്ച് 26-ന് മാവേലിക്കര ഭദ്രാസനത്തിലും, ഏപ്രിൽ 23-ന് പത്തനംതിട്ട ഭദ്രാസനത്തിലും, ജൂൺ 11- ന് ബത്തേരി ഭദ്രാസനത്തിലും, ജൂലൈ 2-ന് തിരുവല്ലാ അതിഭദ്രാസനതലത്തിലും സംഗമവും പരിശീലനവും നടത്തി. ആതാതു ഭദ്രാസനതല ഡയറക്ടർമാരും, കോഡിനേറ്റേഴ്സും, ആനിമേറ്റഴ്സും, ക്രമീകരണങ്ങൾ നടത്തി. സഭാതല സുവിശേഷസംഘം ഇവയ്ക്ക് നേതൃത്വം നല്കി. ഭദ്രാസനങ്ങളിൽ ഡയറക്ടർമാരുടെ നേതൃത്വത്തിൽ എല്ലാ മാസവും കൂട്ടായ്മകളും മറ്റ് ശുശ്രൂഷകളും പുനരാരംഭിച്ചു.

### 2. ഓൺലൈൻ സന്യാസ്ത കൂട്ടായ്മകൾ, പരിശീലനങ്ങൾ

ബഥനി, മേരിമക്കൾ എന്നീ സന്യാസിനീ സമൂഹങ്ങളിലെ കൈവയ്പ്പു സ്വീകരിച്ച സന്യസ്തരുടെ സംഗമം അവരുടെ മേജർ സുപ്പീരിയേഴ്സിന്റെ സാന്നിധ്യത്തിൽ യഥാക്രമം മാർച്ച് മാസം 11, 21 തിയതികളിൽ നടത്തി. പരിശീലനത്തിലുള്ള ഖട്കി-പൂനെ 3-ാം ബാച്ചിന്റെയും ലണ്ടൻ ബാച്ചിന്റെയും പരിശീലനം യഥാക്രമം ആദ്യ ഞായറായ്ചകളിലും 3-ാം ശനിയാഴ്ചകളിലും ക്രമമായി നടന്നു വരുന്നു.



സെന്റ് മേരീസ് മലങ്കര മേജർ സെമിനാരിയിലെ വൈദിക വിദ്യാർത്ഥികൾക്കുവേണ്ടി നടത്തിയ ലെക്സിയോ ദിവീനാ



ബത്തേരി ഭദ്രാസന സുവിശേഷസംഗമം നിലമ്പൂരിൽ



മാർത്താണ്ഡം ഭദ്രാസന സുവിശേഷസംഗമത്തിൽ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവിനോടൊപ്പം



സഭാതലം 8-ാം ബാച്ചിന്റെ പരിശീലനം മെയ് 20, 21 തീയതികളിൽ പട്ടം കതോലിക്കേറ്റിൽ

www.malankaralibrary.com



# മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം വാർത്തകൾ



ജൂൺ 25-ന് സഭാതല 7-ാം ബാച്ചിലെ കൈവയ്പ്പ് സ്വീകരിച്ചവർ അഭിവന്ദ്യ കാതോലിക്കാ ബാവയോടും അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്തായോടുമൊപ്പം തിരുവനന്തന്തപുരം പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ

### 3. കൈവയ്പ്പു ശുശ്രൂഷ

2018 മുതൽ പരിശീലനം നേടിയിരുന്ന പത്തനംതിട്ട ഭദ്രാസനം 3-ാം ബാച്ചിലെ 38 പേരുടെ കൈവയ്പ്പ് 2022 മെയ് 28-ാം തിയതി 3.30 മണിയ്ക്ക് പത്തനംതിട്ട സെന്റ് പിറ്റേഴ്സ് കത്തിഡ്രൽ ദേവാലയത്തിൻ വച്ച് അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ കാർമ്മികത്വത്തിൽ അനേകം വൈദികരുടേയും സന്യസ്തരുടേയും, വിശ്വാസികളുടേയും സാന്നിദ്ധ്യത്തിൽ അനുഗ്രഹപ്രദമായി നടന്നു.

### 4. മേഖലതലാ /വൈദികജില്ലാതല സുവിശേഷസംഘം

എല്ലാ ഭദ്രാസനങ്ങളിലും മേഖലാതല സുവിശേഷസംഘങ്ങൾ തുടങ്ങുന്നതിനുള്ള ക്രമീകരണങ്ങൾ നടന്നു വരുന്നു. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിൽ പുനലൂർ വൈദികജില്ലാ സുവിശേഷസംഘത്തിന്റെ പ്രഥമ പരിശീലനം ഏപ്രിൽ 2-ന് നടന്നു. വിവിധ ഭദ്രാസനങ്ങളിലെ - നിലമ്പൂർ, അഞ്ചൽ, കോന്നി, റാന്നി, പാറശ്ശാല, നാഗർകോവിൽ എന്നീ മേഖലകളിൽ സുവിശേഷസംഘ പരിശീലനം താമസിയാതെ ആരംഭിക്കുന്നതാണ്.



മാവേലിക്കര ഭദ്രാസന സുവിശേഷസംഗമം കറ്റാനം, മാവേലിക്കര



പാറശ്ശാല ഭദ്രാസന സുവിശേഷസംഗമം, മൈലക്കര




പുനലൂർ വൈദിക ജില്ല സുവിശേഷസംഘ രൂപീകരണം



തിരുവല്ല അതിഭദ്രാസന 3-ാം ബാച്ചിന്റെ പരിശീലനം തിരുവല്ല ശാന്തിനിലയത്തിൽ

## ഒന്നാം ഓർമ്മപ്പെരുന്നാൾ

**26-08-2022**



**അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ്**
**മെത്രാപ്പോലിത്ത**
**1986-2021**

## ആദരാഞ്ജലികൾ



**ഫിലിപ്പ് P V**
**12-03-2022**
സഭാതലം 1-ാം ബാച്ച്
മൂവാറ്റുപുഴ ഭദ്രാസനം, എറണാകുളം

## ആദരാഞ്ജലികൾ



**റേച്ചൽ തോമസ്**
**04-01-2022**
ഗുഡ്ഗാവ് ഭദ്രാസനം 1-ാം ബാച്ച്
ദിൽഷാദ് ഗാർഡൻ, ഡൽഹി

www.malankaralibrary.com





# ദൈവം കൊടുത്ത അംഗീകാരം

**മോഹനൻ എസ്.**
സുവിശേഷസംഘം, പാറശ്ശാല ഭദ്രാസനം

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ നിയുക്ത മെത്രാനായിരിക്കുന്ന, സുവിശേഷസംഘത്തിന്റെ എക്സിക്യൂട്ടീവ് സെക്രട്ടറിയായി പ്രവർത്തിച്ചുവരുന്ന പ്രിയ ബഹുമാനമുള്ള ഡോ. ആന്റണി റമ്പാച്ചന് ആദ്യമേ തന്നെ എന്റെ സ്നേഹവന്ദനം. സുവിശേഷസംഘം രൂപീകരിച്ചതുമുതൽ നാളിതുവരെ അതിന്റെ ആത്മീയ ചൈതന്യ മായി, അതിന്റെ നട്ടെല്ലായി പ്രവർത്തിക്കുന്ന ഒരു വ്യക്തിയാണ് ബഹുമാനമുള്ള കാക്ക നാട്ടച്ചൻ. മാർ ഈവാനിയോസ് പിതാവിന്റെ ദാർശനിക ദർശനങ്ങളെ വളരെ ഭംഗിയായി അതിന്റെ അടുക്കും ചിട്ടയോടുംകൂടെ ഓരോ സുവിശേഷസംഘാംഗങ്ങളുടെയും മനസ്സിൽ വരച്ചുകാട്ടുവാൻ അച്ചന് കഴിഞ്ഞു. സുവിശേഷത്തിന്റെ തീഷ്ണത അച്ചന്റെ ഓരോ ക്ലാസിലും നമുക്ക് കാണാം. "എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്ക് സാധിക്കും" (ഫിലിപ്പി.4:13). അച്ചൻ ഒരിക്കൽപോലും ദേഷ്യപ്പെടുന്നത് ഞാൻ കണ്ടിട്ടില്ല. സൗമ്യശീലൻ, ദയാശീലൻ എന്നൊക്കെ പറയുന്നത് അതിന്റെ വാക്കിലും അർത്ഥത്തിലും അങ്ങനെതന്നെ. സുവിശേഷസംഘത്തിന്റെ പ്രവർത്തനങ്ങളോടൊപ്പം തന്നെ റിഹോ ദ് ഏവൻഗേലിയോൻ, മലങ്കര കാത്തലിക് ടിവി, മതബോധനം എന്നിവയുടെയൊക്കെ പ്രവർത്തനങ്ങൾ അച്ചൻ വളരെ ഭംഗിയായി കൈകാര്യം ചെയ്തു.

ഇപ്പോൾ അച്ചനെ ദൈവം പുതിയ ഒരു സ്ഥാനത്തേക്ക് കൈപിടിച്ചുയർത്തിയിരിക്കുന്നു. അച്ചന്റെ പ്രവർത്തനങ്ങൾക്ക് സഭ കൊടുത്ത അംഗീകാരത്തേക്കാളുപരി ദൈവം കൊടുത്ത അംഗീകാരമായി ഞാൻ കാണുന്നു. ദൈവം അപൂർവ്വം ചിലരെ മാത്രമേ ഇങ്ങനെ തിരഞ്ഞെടുക്കാറുള്ളു. "എന്തന്നാൽ ഓരോരുത്തർക്കും താന്താങ്ങളുടെ പ്രവർത്തികൾക്കനുസരിച്ച് അവിടുന്ന് പ്രതിഫലം നൽകുന്നു" (റോമ.2:4). അച്ചന്റെ ഉള്ളിലുള്ള അഗ്നി, ഹൃദയവിശാലത ഇതെല്ലാം സുവിശേഷ പ്രവർത്തനത്തിലൂടെ കൂടുതൽ ജ്വലിക്കട്ടെ. പുതിയ പ്രവർത്തന മേഖലയിലേക്ക് പ്രവേശിക്കുമ്പോൾ ദൈവം അച്ചനെ കൂടുതൽ ബലപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യട്ടെ. മെത്രാഭിഷേകത്തിനായി ഒരുങ്ങുന്ന വന്ദ്യ ആന്റണി റമ്പാച്ചന് പാറശ്ശാല ഭദ്രാസനത്തിലെ സുവിശേഷസംഘത്തിന്റെ ഡയറക്ടർ ആയിരിക്കുന്ന വർഗ്ഗീസ് വടക്കേതുരുത്തിൽ (റിജോ) അച്ചന്റെ പേരിലും, ആനിമേറ്റർ സി. ദർശന ഡി.എം.ന്റെ പേരിലും, ഭദ്രാസനത്തിലെ എല്ലാ സുവിശേഷസംഘാംഗങ്ങളുടെ പേരിലും, എന്റെ വ്യക്തിപരമായ പേരിലുമുള്ള എല്ലാവിധ ആശംസകളും പ്രാർത്ഥനകളും നേർന്നുകൊണ്ട്, സ്നേഹത്തിന്റെയും, സന്തോഷത്തിന്റെയും ഒരായിരം പൂച്ചെണ്ടുകൾ.



# സന്തോഷത്തിന്റെ സുദിനം

**സി. രമ്യ എസ്.ഐ.സി.**
സുവിശേഷസംഘാംഗം, സന്യസ്ത പ്രതിനിധി

"എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും ജറുസലേമിലും യൂദയാ മുഴുവനിലും, സമരിയായിലും, ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്ക് സാക്ഷികളായിരിക്കുകയും ചെയ്യും". (അപ്പ. 1:8)

മലങ്കര സുറിയാനി കത്തോലിക്ക സഭയെ സംബന്ധിച്ച് സന്തോഷത്തിന്റെ സുദിനമാണ് ഇന്ന്. 2011 നടന്ന മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രഥമ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലിയിൽ പ്രത്യേകം ചർച്ച ചെയ്യപ്പെട്ട ഒരു വിഷയമായിരുന്നു സുവിശേഷകയായ മലങ്കര സുറിയാനി കത്തോലിക്കാസഭ. തുടർന്ന് നമ്മുടെ സഭയിൽ സുവിശേഷ ശുശ്രൂഷയ്ക്കായി ഒരു സുവിശേഷസംഘം രൂപീകരിച്ചു. 2012 സെപ്തംബർ 21ന് പത്തനംതിട്ട രൂപതയിൽ നടന്ന പുനരൈക്യ ദിനത്തോടനുബന്ധിച്ച് 28 അംഗങ്ങൾ കൈവെപ്പ് സ്വീകരിക്കുകയുണ്ടായി അന്നു മുതൽ ഏകദേശം പത്തുവർഷക്കാലം ഈ സുവിശേഷസംഘത്തെ ദൈവഹിത പ്രകാരം നടത്തിയ ബഹു. കാക്കനാട്ടച്ചൻ, തന്നെ ഏൽപ്പിച്ച ദൗത്യം ഏറ്റവും വിശ്വസ്തതയോടെ നിർവഹിച്ചുവെന്നത് നന്ദിയോടെ ഓർക്കുന്നു. ഈ ശുശ്രൂഷയുടെ ആരംഭത്തിലെ വെല്ലുവിളികളെ സധൈര്യം നേരിട്ട്, കർമ്മനിരതനായി, അനേകം മക്കൾക്ക് സുവിശേഷ വെളിച്ചം പകർന്നു കൊടുക്കുവാൻ അച്ചനു സാധിച്ചു. വൈദികരും സിസ്റ്റേഴ്സും, ദൈവജനവും ഈ ശുശ്രൂഷയിൽ പങ്കുകാരായി എന്നുള്ളത് എടുത്തു പറയേണ്ട ഒരു സവിശേഷതയാണ്. ക്രൈസ്തവസഭയുടെ സർവ്വപ്രധാനമായ ചുമതലയാണ്, സുവിശേഷ പ്രചരണം (ഗിരിദീപം).

തീഷ്ണതയിൽ മാന്ദ്യം കൂടാതെ, ആത്മാവിൽ ജ്വലിക്കുന്നവരായി, കർത്താവിനെ ശുശ്രൂഷിക്കുവിൻ എന്നുള്ള വി. പൗലോസ് ശ്ലീഹായുടെ ആഹ്വാനം നമുക്ക് കൂടുതൽ പ്രചോദനമാകട്ടെ. മേൽപ്പട്ട ശുശ്രൂഷയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട കാക്കനാട്ടച്ചന്, സുവിശേഷസംഘത്തിലെ സന്ന്യസ്തരുടെയും നാമത്തിൽ പ്രാർത്ഥനയും, എല്ലാ ആശംസകളും ഏറ്റം സ്നേഹത്തോടെ നേരുന്നു.



# സുവിശേഷസംഘത്തിന്റെ സമർപ്പിതനായ നേതാവ്

**ഫാ. മാത്യു ചിറയിൽ**
ഡയറക്ടർ, തിരുവല്ല അതിഭദ്രാസന സുവിശേഷസംഘം

2012 മെയ് മാസത്തിൽ മലങ്കര കത്തോലിക്കാ സഭയുടെ പരിശുദ്ധ സുന്നഹദോസ് തീരുമാന പ്രകാരം തിരുവല്ല അതിരൂപതയിലെ വികാരി ജനറാളായി സേവനം അനുഷ്ഠിക്കുമ്പോൾ വന്ദ്യ ആന്റണി കാക്കനാട്ട് അച്ചനെ സുവിശേഷ സംഘത്തിന്റെ പ്രഥമ എക്സിക്യൂട്ടീവ് സെക്രട്ടറിയായി നിയമിച്ചു. ഈ നിയമന വാർത്ത അറിഞ്ഞപ്പോൾ തന്നെ സഭാമക്കൾക്ക് ബഹുമാനപ്പെട്ട ആന്റണി അച്ചൻ വഴി സഭയിൽ ആത്മീയ മുന്നേറ്റമുണ്ടാകുമെന്ന ശുഭാപ്തി വിശ്വാസം ഉണ്ടായിരുന്നു. ആ ശുഭാപ്തി വിശ്വാസം ശരിയായിരുന്നുവെന്ന് കഴിഞ്ഞ 10 വർഷക്കാലമായി സുവിശേഷ സംഘത്തിന്റെ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ നമുക്ക് മനസ്സിലാകും. ദൈവകൃപയിൽ ആഴമായി ആശ്രയിച്ച് അച്ചൻ തന്റെ സുവിശേഷ സംഘത്തിന്റെ പ്രവർത്തനങ്ങൾ പട്ടം, കാതോലിക്കേറ്റ് സെന്ററിൽ ആരംഭിച്ചു.

താൻ സഭയിൽ നിന്നും, സഭ വഴിയും പഠിച്ച കാര്യങ്ങൾ പ്രവർത്തിപഥത്തിൽ കൊണ്ടുവരാൻ ബഹുമാനപ്പെട്ട അച്ചനുള്ള കരവിരുത് വലുതായിരുന്നു. പഠിച്ച കാര്യങ്ങൾ കൃത്യതയോടും, വ്യക്തതയോടും കൂടി തന്റെ ക്ലാസുകൾ വഴിയും, രചനകൾ വഴിയും സഭാമക്കൾക്ക് നൽകുവാൻ അച്ചന് സാധിച്ചു. സഭാമക്കളെ ആത്മീയ തലത്തിൽ വളർത്തിക്കൊണ്ടുവരുവാനുള്ള കർമ്മ പദ്ധതികൾ അച്ചൻ ആവിഷ്കരിച്ച് നടപ്പിലാക്കി. വി. ഗ്രന്ഥത്തിന്റെ വിശുദ്ധവായന എന്ന ആത്മീയ ജീവിതരീതി പഠിപ്പിച്ചത് അച്ചന്റെ വിലപ്പെട്ട സംഭാവനയാണ്. വി. ഗ്രന്ഥം എങ്ങനെ വായിക്കണമെന്നും, എങ്ങനെ ദൈവസ്വരം കേൾക്കാമെന്നും, ദൈവസ്വരം കേട്ടിട്ട് എങ്ങനെ ആത്മീയ മക്കളായി ജീവിക്കാമെന്നും അച്ചൻ വഴികാട്ടി തന്നു. മലങ്കര കത്തോലിക്കാ സഭയിലെ എല്ലാ രൂപതകളിലും, മിഷൻ പ്രദേശങ്ങളിലും, വിദേശത്തും അച്ചൻ ഏറെ സ്വീകാര്യനായിരുന്നു. കാരണം അച്ചന്റെ ആത്മീയ അടിത്തറ ഏവർക്കും വ്യക്തമായിരുന്നു, ബോധ്യമായിരുന്നു. ദൈവശാസ്ത്രത്തോടൊപ്പം മലങ്കര ആരാധനക്രമവും നല്ല രീതിയിൽ പാലിക്കുവാനും, അത് മറ്റുള്ളവരെ പഠിപ്പിക്കുവാനും അച്ചന് പ്രത്യേകമായ കഴിവുണ്ടായിരുന്നു. വളരെ ലളിതവും, സരസവുമായ വാക്കുകൾ വഴി ദൈവജനത്തെ പഠിപ്പിക്കുവാൻ അച്ചന് സാധിച്ചുവെന്നതിൽ സംശയമില്ല.

സുവിശേഷ സംഘാംഗങ്ങളായവർക്ക് ഇന്ന് അവരുടേതായ ആത്മീയ ജീവിതം മെച്ചപ്പെടുത്തുവാൻ സാധിച്ചത് ബഹുമാനപ്പെട്ട ആന്റണി അച്ചന്റെ പ്രത്യേക പരിശീലനം വഴിയാണ്. ബഹുമാനപ്പെട്ട അച്ചൻ എല്ലാവരോടും പക്ഷപാതമില്ലാതെ പെരുമാറിയിരുന്നു. അറിയാവുന്ന കാര്യങ്ങൾ പറഞ്ഞുകൊടുക്കുവാനും. പഠിപ്പിക്കുവാനും അച്ചന് യാതൊരു മടിയുമില്ലായിരുന്നു. തിരുവല്ല അതിരൂപതയിലെ സുവിശേഷ സംഘത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും നമ്മളെ ധീരതയോടെ മുന്നോട്ട് നയിച്ചത് ബഹുമാനപ്പെട്ട അച്ചനാണ്. എല്ലാ രൂപതകളിലും, എല്ലാ ഇടവകളിലും ഇത്ര സ്വീകാര്യനായ ഒരു വ്യക്തിത്വം നമ്മുടെ സഭയിൽ വേറെ യധികം കാണുകയില്ല. സഭയെ സ്നേഹിച്ച്, സഭക്ക് വേണ്ടി ജീവിച്ച്. സഭാ മക്കളെ ആത്മീയജീവിതത്തിൽ വളർത്തി, ക്രിസ്തുവിന്റെ പരിമളമായി ലോകത്ത് നിറയുവാൻ ബഹുമാനപ്പെട്ട ആന്റണി കാക്കനാട്ട് റമ്പാച്ചന് സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ആശംസിക്കുന്നു. തിരുവല്ല അതിരൂപത സുവിശേഷ സംഘത്തെ വളർത്തിയ അച്ചന് പ്രത്യേകം നന്ദിയും, സ്നേഹവും അറിയിക്കുന്നു. അച്ചന് മെത്രാൻ സ്ഥാനത്ത് ഉത്കൃഷ്ടമായ ജോലി നിർവഹിക്കുവാൻ ദൈവം അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ഏറെ നന്ദിയോടെ, സ്നേഹത്തോടെ തിരുവല്ല അതിരൂപതയിലെ സുവിശേഷ സംഘാംഗങ്ങൾ.



# അഭിമാന നിമിഷം

**അഡ്വ. അനിത ആനി ഫിലിപ്പ്**
സുവിശേഷസംഘം, പത്തനംതിട്ട ഭദ്രാസനം

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സുവിശേഷവത്കരണത്തിന്റെ ഭാഗമായ സുവിശേഷ സംഘങ്ങളുടെ രൂപീകരണത്തിന് ദീർഘകാലമായി നേതൃത്വം വഹിച്ച ബഹു. ആന്റണി കാക്കനാട്ടച്ചൻ മെത്രാനായി ഉയർത്തപ്പെടുന്ന ഈ വേളയിൽ അദ്ദേഹത്തിന്റെ ശിക്ഷണത്തിൽ സുവിശേഷസംഘാംഗങ്ങളാകുന്നതിന് പരിശീലനവും കൈവയ്പ്പും ലഭിച്ച ഞങ്ങൾ ഓരോരുത്തരും ഏറെ അഭിമാനിക്കുകയും സന്തോഷിക്കുകയും ചെയ്യുന്നു. അങ്ങ് തെളിയിച്ച പാതയിൽനിന്നും വ്യതിചലിക്കാതെ ലക്ഷ്യത്തിലെത്താൻ ഞങ്ങൾ തീർച്ചയായും ശ്രമിക്കും. "മറ്റുള്ളവരെ നന്നാക്കാനല്ല നിങ്ങൾ ശ്രമിക്കേണ്ടത്, മറിച്ച് സ്വയം വിശുദ്ധീകരിക്കപ്പെട്ട് ആ ജീവിതസാക്ഷ്യത്തിലൂടെ മറ്റുള്ളവർക്ക് മാതൃകയാവുകയാണ് വേണ്ടത്" എന്ന് പരിശീലനവേളയിൽ അങ്ങ് ഞങ്ങളെ നിരന്തരം ബോദ്ധ്യപ്പെടുത്തിയിരുന്നത് പ്രാവർത്തികമാക്കാൻ ഞങ്ങൾ പ്രയത്നിക്കും. അനുകൂലവും പ്രതികൂലവുമായ എല്ലാ സാഹചര്യങ്ങളിലും പൂർണ്ണമായ അർപ്പണബോധത്തോടെ അങ്ങയിൽ ഏൽപ്പിച്ച ദൗത്യം അങ്ങ് അനുഗ്രഹീതമായി പൂർത്തിയാക്കി. കാലഘട്ടത്തിന്റെ അനിവാര്യതയ്ക്ക് അനുസരിച്ച് വിഷയങ്ങളോടുള്ള പ്രായോഗികമായ അങ്ങയുടെ സമീപനം പ്രതീക്ഷയുണർത്തുന്നു. ദൈവശാസ്ത്രത്തിലുള്ള അങ്ങയുടെ ആഴമേറിയ അറിവ് അങ്ങയുടെ മുൻപോട്ടുള്ള പ്രയാണം അനുഗ്രഹപ്രദമാക്കും എന്നുള്ളതിൽ സംശയമില്ല. വന്ദ്യ പിതാവേ, അങ്ങയുടെ ഈ സ്ഥാനാരോഹണം സഭയ്ക്കും സമൂഹത്തിനും നന്മയ്ക്കായി തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നതോടൊപ്പം സർവ്വേശ്വരൻ അങ്ങേയ്ക്ക് ആയുരാരോഗ്യസൗഖ്യം നൽകി പരിപാലിക്കുകയും ചെയ്യട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു.

www.malankaralibrary.com





# കുന്നോളം മധുരിക്കുന്ന ഓർമ്മകൾ

**രാജ ഫ്രാൻസിസ്**
സുവിശേഷസംഘം, കഡ്കി-പൂന ഭദ്രാസനം

ചിലരുടെ സാന്നിദ്ധ്യം ഹൃദയത്തിൽ ഒരു സുഖമുള്ള നൊമ്പരമായി അവശേഷിക്കുന്നത് എന്തുകൊണ്ടാണ്? ഒരുകാര്യം ഉറപ്പാണ്. ചുരുങ്ങിയ കാലയളവുകൊണ്ട് കുന്നോളം മധുരിക്കുന്ന ഓർമ്മകൾ അവർ നമ്മുടെ ഹൃദയത്തിൽ നിറച്ചിട്ടുള്ളത് കൊണ്ടുതന്നെയാകണം. പ്രിയ ബഹുമാനപ്പെട്ട ആന്റണി കാക്കനാട്ട് അച്ചനും, ഇതുപോലെ നമ്മുടെ ജീവിതത്തെ വർണാഭമാക്കി മാറ്റിയ അതുല്യനായ ആചാര്യൻ തന്നെയാണ്. ഈ ലോകത്ത് ഒട്ടുമിക്ക ആൾക്കാരും ലോത്തിനെപ്പോലെ ഫലഭൂയിഷ്ടമായ ഭൂപ്രദേശങ്ങൾ തേടി ശുശ്രൂഷയ്ക്കായി ഇറങ്ങുവാൻ ആഗ്രഹിക്കുമ്പൊൾ, ചിലർ മാത്രം അബ്രഹാമിനെപ്പോലെ വരണ്ട നിലങ്ങളിൽ വസന്തം ഒരുക്കാറുണ്ട്.

പ്രഥമ അസംബ്ലിയുടെ ചർച്ചകളിൽ, സുവിശേഷസംഘം എന്ന സ്വപ്നം അപ്രാപ്യമായ ഒരു ദർശനം മാത്രമാണെന്ന് ആരംഭകാലത്ത് പലരും കരുതിയപ്പോൾ, ഒരു ഇടയന്റെ കരുതലോടുകൂടി മുന്നോട്ടു കടന്നുവന്നു. അപ്പന്റെ ശിക്ഷണം നൽകി, അമ്മയുടെ കരുതൽ ഏകി, ഇന്ന് മലങ്കര സഭയുടെ തന്നെ ആത്മീയതയുടെ ഹൃദയസ്പന്ദനം ആയി സുവിശേഷസംഘം എന്ന കൂട്ടായ്മയെ വളർത്തിയെടുത്ത സ്നേഹനിധിയായ പിതാവ്. പ്രവർത്തന മേഖലകളിലെ പരിപൂർണ്ണമായ സമർപ്പണം കണ്ട് സ്വർഗ്ഗം അങ്ങയെ ആടുകളുടെ ശ്രേഷ്ഠനായ ഇടയനായി പുതിയ കർമ്മമേഖലയിലേക്ക് കൈപിടിച്ചുയർത്തുന്ന ഈ നേരത്തു പറയാൻ ഹൃദയത്തിൽ ഇനി ഒരു വാക്കുമാത്രമേ ബാക്കിയുള്ളൂ. നന്ദി!!!

പ്രാർത്ഥനകൾ അർപ്പിക്കാൻ ഒരു അൾത്താരയും....

കണ്ണീർ ഒപ്പാൻ ഒരു സക്രാരിയും... കൂട്ടുണ്ടെന്നു നിരന്തരം പഠിപ്പിച്ചതിന്...,

പ്രത്യാശ നഷ്ടപ്പെട്ട അനേകർക്ക് ഊർജമായി മാറിയതിന്....,

രാത്രികളിൽ അങ്ങ് സഭയ്ക്കുവേണ്ടി, ഞങ്ങൾക്കുവേണ്ടി ഒഴുക്കിയ കണ്ണുനീർ തുള്ളികൾക്കുവേണ്ടി.....

ആൾക്കൂട്ടത്തിൽ എളിയവനായ് അണഞ്ഞതിന്.....,

പിന്നെ നസ്രായന്റെ ചിത്രം വരയ്ക്കേണ്ട യഥാർത്ഥ കാൻവാസ് ഞങ്ങളുടെ ആത്മാവ് തന്നെയാണെന്ന് ജീവിതം കൊണ്ട് കാട്ടിത്തന്നതിന്....,

ക്രിസ്തുവിനായി നൂറുമേനിയും വിളവ് പുറപ്പെടുവിച്ച വിശ്വസ്തനായ,

ഏറ്റവും സ്നേഹം നിറഞ്ഞ ആചാര്യ,

അങ്ങേയ്ക്ക് കഡ്കി ഭദ്രാസനത്തിലെ സുവിശേഷസംഘാംഗങ്ങളുടെ ഹൃദയം നിറഞ്ഞ ആശംസകൾ.



# कार्य के अनुसार सामर्थ्य मुझे प्रदान करे

**Sheeba Johny**
Suvisesha Sangam,
Eparchy of St John Chrysostom, Gurgaon-Delhi

"संसार के कोने-कोने में जाकर सारी सृष्टि को सुसमाचार सुनाओ". (मारकुस १६:१५) की आज्ञा अनुसार केरल में संत थाँमस ने सुसमाचार फैलाकर भले ही सदियों बीत गयी हो लेकिन भारत में ख्रीस्तविश्वासियों का सुसमाचार का प्रयत्न निष्क्रिय रहा। यही बात मार इवानिओस पिताश्री को अधिक दुःख पहुँचाती थी। इसी कारण मार इवानिओस पिताश्री ने मलंकरा कलीसिया में सुसमाचार की मशाल को प्रज्वलित किया। इस पिताश्री के सपनो और इच्छाओ को पूरा करने का प्रतीक था सुसमाचार समूह (सुविशेष संघम) का आरंभ होना।पवित्र वच केंद्रित अध्यात्मिक जीवन जीकर, वचन प्रघोषण कार्यों में शामील, सुसमाचार समूह का लक्ष्य बहुत ही महत्वपूर्ण है।इस प्रकार संत फ्रांसिस पापा ने एक बार कहा था, "कैथोलिक कलीसिया का आगे बढ़ना धार्मिक परिवर्तन से नहीं किन्तु प्रभु येशु ख्रीस्त और उसके सुसमाचार को दुनिया के सामने आकर्षण समान प्रस्तुत करने और एक संत जीवन जीने की इच्छा करना वालो के समुदाय है सुसमाचार समूह। इस सुसमाचार समूह को नेतृत्व देने, क्लास और प्रार्थना के द्वारा एक एक व्यक्तियों को आधात्मिक जीवन में संचलित करने, हस्तरोपण रीती में तैयार करने में नेतृत्व देने वाले सुसमाचार समूह के पूर्व सेक्ट्रेटरी फा. आंटनी काक्कनाट को यह क्षण धन्यवाद अर्पित करते है। कूरिया धर्माध्यक्ष को हम बधाई देते हैं पर साथ ही यहीं समाप्त नहीं होती। इस समय उनके द्वारा ली हुई सभी कलासेज मन से गुजर रही है। उन्होंने शारीरिक बीमारियों के बावजूद भी अक्सर जोश के साथ क्लास ली हैं। यह एक त्याग है जो नियुक्त पिताश्री वास्तव में अच्छे आध्यात्मिक और प्रचारक में बदलने के लिए तैयार करते हैं। विश्वास गठन क्लासों के माध्यम से कैटेकिस्म विभाग को प्रदान की गई सेवा सभी शिक्षकों के लिए एक बड़ी प्रेरणा थी। जो मुझे बल प्रदान करते हैं, मैं उनकी सहायता से सब कुछ कर सकता हैं, फौलुस का यह कथन इस अवसर पर कतना सार्थक है। प्रभु की आत्मा हमारे इक आदरणीय पुरोहित को अपनी शक्ति प्रदान करे। ईश्वर ने ही मुझे बुलाया है और जिस ईश्वर ने मुझे बुलाया है वह विश्वसनीय है यह आत्मविश्वास ही हमारे इस फादर को क्रियात्मक बनाता है। हमारे इस फादर जो धर्माध्यक्षके पथ पर अभिषिक्त होंगे वे सरल नहीं वरन कठिन रास्ता है, प्रभु के क्रूस का रास्ता है। जो जिम्मैदारियां फादर धर्माध्यक्ष बनकर लेंगे, क्रूस केरास्ता द्वारा विश्वासियों को संचलित करेंगे, यह जो क्रूस की माला वह धारण करेंगे दर्शाता है। जो अंगूठी वह पहनेंगे वो ख्रीस्त और कलीसिया के रिश्ते को दर्शाता है। धर्माध्यक्ष बनकर जो छडी वह गड़ेरिये के छडी को दर्शाता है क्यूंकि यह छडी विश्वासियों को सही मार्ग की ओर संचालित करेगा, उनकी रक्षा करेगा और जरूरत पडने पर दंड भी देगा। प्रधानयाजक येसु मसीह जैसे पहाड़ पर चढ़ कर क्रूसित हुए, उसी तरह हमारे निर्वाचित धर्माध्यक्ष हमारे लिए अनेक त्याग सहने केलिए, हमें बहुमूल्य उपदेशों और शिक्षाओं द्वारा शक्तिशाली बना, के लिए प्रभु आपको कृपाएं प्रदान करे। हस्तारोपण रीति के द्वारा अपने हमें रूपित और योज्ञ नाया ताकि हम हमारे प्रथु येसु मसीह को दिखाने और सुसमाचार को धोषित करेने के प्राप्त हो जाये। सुसमाचार समूह के सभी सदस्य आपके आभारी है। सर्वशक्तिमान ईश्वर आपको अधिक से अधिक अनुग्रहित करे। जो जिम्मेदारियाँ आपको सौंपी गयी है उम्मीद करते है आप उस क्षेत्र में श्रेष्ठ हो और पवित्र आत्मा का साया आपके साथ सदा रहे। संत जॉन क्रिसोस्टोम गुडगॉव धर्मप्रांत के सभी सुसमाचार समूह की ओर से आपको प्रार्थनाएं और बधाई देते हैं।आप और उमंग के साथ आपकी सेवा, पवित्रात्मा के सहायका द्वारा प्रदान करेने की आशा करते है। इस प्रकार स्टैनली जोन्स ने एक बार प्रार्थना किया, "हे प्रभु! मेरे सामर्थ्य के अनुसार कार्य नहीं, कार्य के अनुसार सामर्थ्य मुझे प्रदान करे।" आप प्रभु में सभी को प्यार करने वाले, कलीसिया के विश्वस्त सेवन और ख्रीस्त के साथ यात्रा करने वाले एक अच्छे अनुयायी बनने की हम आशाकरते है, प्रार्थना करते है।



# പ്രാർത്ഥനകളും, ആശംസകളും

**ഫിലിപ്പ് നൈനാൻ**
സുവിശേഷസംഘം, ബത്തേരി ഭദ്രാസനം

ദൈവത്തിരുനാമത്തിന് മഹത്ത്വമുണ്ടായിരിക്കട്ടെ,

വന്ദ്യ ആന്റണി കാക്കനാട്ട് അച്ചന്റെ മേൽപ്പട്ടസ്ഥാനാരോഹണത്തിന്റെ ഈ ധന്യവേളയിൽ ബത്തേരി രൂപതയിലെ മുഴുവൻ വിശ്വാസസമൂഹത്തോടും ചേർന്ന് ഭക്തിപൂർവ്വം ഏറ്റം സ്നേഹത്തോടെ അതിലേറെ അഭിമാനത്തോടെ വന്ദ്യ കാക്കനാട്ടറമ്പാച്ചന് എല്ലാ പ്രാർത്ഥകളും മംഗങ്ങളും നേരുന്നു.

പരിചയപ്പെടുന്നവരുടെയെല്ലാം ഹൃദയങ്ങളിൽ സ്ഥിര പ്രതിഷ്ടനേടാൻ കഴിവുള്ള ഒരു സവിശേഷവ്യക്തിത്വമാണ് ബഹു. ആന്റണിയച്ചൻ. വിശുദ്ധ കുർബാനയോടുള്ള ബഹു. അച്ചന്റെ ഭക്തി എന്നെ വല്ലാതെ സ്വാധീനിച്ചിട്ടുണ്ട്. എന്റെ സഭ വിശുദ്ധീകരിക്കപ്പെടാൻ ഞാനാണ് ആദ്യം വിശുദ്ധീകരിക്കപ്പെടേണ്ടത് എന്ന് ബഹു. ആന്റണിയച്ചൻ പഠിപ്പിക്കുമ്പോൾ അത് നമ്മുടെ ഹൃദയങ്ങളിൽ ചലനമുണ്ടാക്കുന്നത്, വാക്കിലും കർമ്മത്തിലും അദ്ദേഹം പുലർത്തുന്ന വിശുദ്ധികൊണ്ട് തന്നെയാണ്. മലങ്കര സഭയുടെ മതബോധനരംഗത്തും, സുവിശേഷസംഘപ്രവർത്തനങ്ങളിലും, മലങ്കര സഭയുടെ മാധ്യമ ശുശ്രൂഷാരംഗങ്ങളിലും നൽകിയിട്ടുള്ള പകരം വയ്ക്കാനാവാത്ത സംഭാവനകളിലൂടെ വന്ദ്യ കാക്കനാട്ടച്ചൻ മലങ്കര കത്തോലിക്കാ സഭയുടെ ചരിത്രത്തിൽ നടത്തിട്ടുള്ള അടയാളപ്പെടുത്തലുകൾ അദ്ദേഹത്തിൽ നിറഞ്ഞു നിൽക്കുന്ന പരിശുദ്ധാത്മ കൃപയുടെ മികച്ച നിദർശനങ്ങളാണ്. മലങ്കര സഭാ പാരമ്പര്യങ്ങളോടും ആരാധനാക്രമത്തോടുമുള്ള കറകളഞ്ഞ ആഭിമുഖ്യവും ഏറ്റെടുത്ത മേഖലകളോടുള്ള അടങ്ങാത്ത പ്രതിബദ്ധതയും സ്ഥിരതയും അദ്ദേഹത്തെ ആൾക്കൂട്ടങ്ങളിൽ നിന്ന് വേർതിരിച്ചു നിർത്തുന്നു. അധികാരത്തോടും സമ്പത്തിനോടും എന്തിനേറെ നർമ്മത്തോടും പോലും വെച്ചു പുലർത്തുന്ന നിശ്ചിത അകലം അദ്ദേഹത്തിൽ ആഴത്തിൽ വേരോടിയിരിക്കുന്ന സന്ന്യാസത്തെ വെളിവാക്കുന്നു.

ഏറ്റം അഭിമാനത്തോടെ അതിലേറെ ഭക്തിയോടെ ഈ വന്ദ്യ പുരോഹിതശ്രേഷ്ഠന്റെ വഴികൾ നന്മനിറഞ്ഞതാകട്ടെ എന്ന് ബത്തേരി ഭദ്രാസനത്തിലെ എല്ലാ സുവിശേഷസംഘാംഗങ്ങളൊടും ചേർന്ന് പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കുമാറാക്കട്ടെ.



# അനുമോദനങ്ങൾ

**Cmdr. തോമസ് കോശി**
സുവിശേഷസംഘം, മൂവാറ്റുപുഴ ഭദ്രാസനം

2016 ജനുവരി 07 എന്റെയും എന്നോടൊപ്പം പട്ടം കാതലിക്കേറ്റ് സെന്ററിൽ സമ്മേളിച്ച 74 പേരുടെയും ജീവിതത്തിലെ ഏറ്റം വിശിഷ്ടമായ വഴിത്തിരിവായി മാറി. അന്ന് സഭാതല സുവിശേഷസംഘത്തിന്റെ 4-ാം ബാച്ചിൽ പരിശീലനത്തിന്റെ ആദ്യ ദിവസമായിരുന്നു. പ്രിയ. ബഹു. മോൺ ആന്റണി കാക്കനാട്ടച്ചന്റെ മലങ്കര സുവിശേഷസംഘത്തെക്കുറിച്ചുള്ള ആമുഖ സന്ദേശവും, അതിന്റെ ഉദ്ദേശവും തന്റെ സ്വതസിദ്ധമായ ലാളിത്യത്തോടും, ആത്മീയപക്വതയോടും കൂടി ഞങ്ങളുടെ ക്ലാസ്സിൽ അവതരിപ്പിച്ച ആ അനർഘ നിമിഷം ആത്മനിർവൃതിയോടും, സ്വർഗ്ഗീയാനുഭൂതിയോടും കൂടിയല്ലാതെ ഓർക്കുക സാധ്യമല്ല. അതിനു ശേഷം ബഹു.ആന്റണിയച്ചൻ പറഞ്ഞതുപോലെ - ഓരോ നിമിഷവും ഞങ്ങളുടെ ജീവിതത്തിൽ ഒരു പുതിയ അനുഭവമായിരുന്നു.

എന്റെ ഈ വചനങ്ങൾ ശ്രവിക്കുകയും, അവ അനുസരിക്കുകയും ചെയ്യുന്നവൻ പാറമേൽ ഭവനം പണിത വിവേകിയായ മനുഷ്യനു തുല്യനായിരിക്കും. (മത്താ. 7:24) സഭയിൽ എല്ലാവരും അവരവരുടെ ഭവനം പാറമേൽ പണിതാൽ, ആ സഭ എത്ര വിശിഷ്ടമായിരിക്കും. ഈ ചിന്ത ഞങ്ങളിൽ ഓരോത്തരുടെയും മനസ്സിലേക്ക് ആഴമായി വേരൂന്നുവാൻ ബ.ആന്റണിയച്ചന്റെ പ്രഥമദിവസത്തിലെ പ്രബോധനത്തിനു സാധിച്ചു എന്നുള്ളത് തീർച്ചയായും അച്ചനിലുള്ള പരിശുദ്ധാത്മ അഭിഷേകത്തിന്റെ തെളിവാണല്ലോ? ഞങ്ങളിലോരോരുത്തിരിലുമുള്ള "വിളിക്കുള്ളിലെ വിളി" വെളിപ്പെടുവാനും അദ്ദേഹത്തിന്റെ വാക്കുകൾക്ക് കഴിഞ്ഞു. ബഹു. അച്ചന്റെ യേശുവുമായുള്ള ബന്ധം അത്രഗാഢമാണ് എന്നുള്ളതിന്റെ മഹത്തായ തെളിവാണല്ലോ അത്. കാരണം യേശുവുമായി ബന്ധമുള്ളവർക്കു മാത്രമേ യേശുവുമായി മറ്റുള്ളവരെ ബന്ധിപ്പിക്കുവാൻ കഴിയുകയുള്ളു. ആത്മീയത എന്നത് യേശുവിനോടുള്ള അടുത്ത വ്യക്തിബന്ധമാണ് എന്നുള്ളതാണ് അദ്ദേഹം നമുക്ക് മനസ്സിലാക്കിത്തന്ന മുഖ്യപാഠം.

ബഹു. കാക്കനാട്ടച്ചന്റെ സുവിശേഷസംഘത്തിന്റെ എക്സിക്യൂട്ടീവ് സെക്രട്ടറി എന്ന നിലയിലുള്ള സംഭാവനകൾ മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ നവസുവിശേഷവത്കരണത്തിന് അത്യധികം മുതൽകൂട്ടായിരുന്നു. ജീവിതസാക്ഷ്യമാണല്ലോ സുവിശേഷവൽകരണത്തിന്റെ ആദ്യഘട്ടം. തന്റെ എളിമയിലൂടെ എല്ലാവരെയും സ്നേഹത്തോടും, ബഹുമാനത്തോടും, ഒരേ വിധത്തിൽ പെരുമാറുന്ന ഒരു വലിയ വ്യക്തിത്വത്തിന്റെ ഉടമകൂടിയായ ബഹു. കാക്കനാട്ടച്ചൻ എല്ലാ വിശ്വാസികൾക്കും ഒരു പ്രചോദനമാണ്.

വന്ദ്യ മോൺ ആന്റണി കാക്കനാട്ടച്ചന്റെ മേൽപ്പട്ട ശുശ്രൂഷയിലേക്കുള്ള തിരഞ്ഞെടുപ്പ് ഏറ്റം ഉചിതവും, അർഹിക്കുന്നതുമാണ്. അദ്ദേഹത്തിന്റെ മേൽപ്പട്ട ശുശ്രൂഷ മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കു മുഴുവനായും, സുവിശേഷസംഘത്തിന് പ്രത്യേകമായും കൂടുതൽ അനുഗ്രഹപ്രദമാകട്ടെ എന്ന് മൂവാറ്റുപുഴ സുവിശേഷസംഘാംഗങ്ങളുടെ പേരിൽ ആശംസിക്കുന്നു.

www.malankaralibrary.com





## Prayer and Wishes from UK Region

**Joseph Ayrookuzhiyil**
Suvishesha Sangam, United Kingdom

Suvishesha Sangam UK region would like to extend our heartfelt congratulations and joy on the ordination of bishop elect Rev Dr. Monsignor Antony Kakkanatt as Curia Bishop of Malankara Syrian Catholic Church. We offer you our prayers and support in your demanding new pastoral mission and responsibility.

We are particularly delighted because you have such a strong vision for new evangelization and charism through Suvishesha Sangam and you have always been a role model for us by living a simple and sustainable life powered by prayer, dedication and commitment to study and proclaim the word of God. “I will give you shepherds after my own heart, who will feed you with knowledge and understanding (Jeremiah 3:15). We rejoice that God has chosen you as a true witness to Christ. May He endow you with wisdom and ever deepening holiness as you guide the flock entrusted to your loving care.

We gratefully remember the initial days of Suvishesha Sangam training in London led by Rev. Dr. Antony Kakkanatt in February 2020. Though it was a simple beginning of the one and only Suvishesha Sangam training batch outside India, enormous effort, dedication and commitment has been taken by Rev Fr Anthony for being with us for a week in adverse weather, building and spiritually grooming the team up in zeal for the souls through self sanctification. We have seen in Fr. Antony a good pastor living the Gospel. Fr. Antony has given of his time and insight, with enthusiastic and highly profiled contributions, sharing the spiritual and moral vision of Suvishesha Sangam .

God has chosen you to shepherd his Church and share his sacred ministry. May the grace of the Lord be your ever-present inspiration and guide as you nourish your flock with the Word, strengthen them with the Sacraments, and lead them deeper into the mystery of their faith. Congratualtions, Prayers and best wishes from Suvishesha Sangam UK Region Team.



## ಅಭಿನಂದನೆಗಳು

**Yohannan O.M.**
Suvisesha Sangam, Puthur Eparchy

ಮಲಂಕರ ಕಥೋಲಿಕ್ ಧರ್ಮಸಭೆಯ ಸುವಾರ್ತಾ ಸಂಘದ ಸಿನಡಲ್ ಕಾರ್ಯದರ್ಶಿಯಾಗಿ 2012ರಿಂದ ಸೇವೆ ಸಲ್ಲಿಸುತ್ತಿದ್ದ ವಂದನೀಯ ಡಾ। ಆಂಟನಿ ಕಾಕ್ಕನಾಟ್ ಧರ್ಮಗುರುಗಳನ್ನು ಮಲಂಕರ ಕಥೋಲಿಕ್ ಧರ್ಮಸಭೆಯ ಕೂರಿಯಾ ಧರ್ಮಾಧ್ಯಕ್ಷರನ್ನಾಗಿ ನೇಮಕ ಮಾಡಿರುವುದನ್ನು ತಿಳಿದು ಅತ್ಯಂತ ಸಂತೋಷವಾಗಿದೆ. 2011ರ ಮಲಂಕರ ಧರ್ಮಸಭಾ ಅಸೆಂಬ್ಲಿಯಲ್ಲಿ ಮೂಡಿ ಬಂದ ಅಭಿಪ್ರಾಯಗಳ ಪ್ರಕಾರ ಧರ್ಮಸಭೆಯ ಸುವಾರ್ತಾ ಪ್ರಚಾರ ಮತ್ತು ಪ್ರೇಷಿತ ಕಾರ್ಯಗಳಿಗೆ ಪುನಶ್ಚೇತನ ನೀಡುವ ಪ್ರಯುಕ್ತ ಸುವಾರ್ತಾ ಸಂಘವನ್ನು ರೂಪಿಸಲು ಧರ್ಮಸಭೆಯ ಸಿನಡ್‌ನಲ್ಲಿ ನಿರ್ಣಯ ಕೈಗೊಳ್ಳಲಾಯಿತು, ಮತ್ತು ಅದರ ಚೆಯರ್‌ಮೇನ್ ಆಗಿ ಪರಮ ಪೂಜ್ಯ ಜೇಕಬ್ ಮಾರ್ ಬರ್ಣಬಾಸ್ ಧರ್ಮಾಧ್ಯಕ್ಷರನ್ನೂ, ಕಾರ್ಯದರ್ಶಿಯಾಗಿ ತಿರುವಲ್ಲಾ ಮಹಾಧರ್ಮಪ್ರಾಂತ್ಯದ ವಿಕಾರ್‌ಜನರಲ್ ಆಗಿದ್ದ ವಂದನೀಯ ಡಾ। ಆಂಟನಿ ಕಾಕ್ಕನಾಟ್ ಅವನ್ನೂ ನಿಯೋಜಸಲಾಯಿತು. 2012 ಜನವರಿ ತಿಂಗಳಲ್ಲಿ ಕಾಥೋಲಿಕೇಟ್ ಸೆಂಟರ್‌ನಲ್ಲಿ ಸುವಾರ್ತಾಸಂಘದ ಕಾರ್ಯಾಲಯವನ್ನು ತೆರೆಯಲಾಯಿತು. ವಂದನೀಯ ಡಾ। ಆಂಟನಿ ಕಾಕ್ಕನಾಟ್ ಅವರು ಮಹಾಧರ್ಮಪ್ರಾಂತ್ಯದ ವಿಕಾರ್‌ಜನರಲ್ ಎಂಬ ಉನ್ನತ ಹುದ್ದೆಯನ್ನು ತೊರೆದು ಧರ್ಮಸಭಾ ಸಿನಡ್ ವಹಿಸಿಕೊಟ್ಟ ಕ್ಲಿಷ್ಟಕರವಾದ ಜವಾಬ್ದಾರಿಯನ್ನು ವಿನಯದಿಂದ ಸ್ವೀಕರಿಸಿದರು. ಧರ್ಮಸಭೆಯ ಕೇಂದ್ರಕಾರ್ಯಾಲಯದಲ್ಲಿ ವಾಸಮಾಡಿಕೊಂಡು ದರ್ಮಸಭೆಯ ವಿವಿಧ ಧರ್ಮಪ್ರಾಂತ್ಯಗಳಿಂದ ಮತ್ತು ಸನ್ಯಾಸ ಸಭೆಗಳಿಂದ ವಿಶೇಷವಾಗಿ ಆಯ್ಕೆಗೊಂಡ 28 ಮಂದಿಯನ್ನೊಳಗೊಂಡ ತಂಡದೊಂದಿಗೆ ಕೇಂದ್ರ ಕಾರ್ಯಾಲಯದಲ್ಲಿ ಒಟ್ಟು ಸೇರಿ ಹಲವು ಹಂತಗಳ ತರಬೇತಿ, ಪ್ರಾರ್ಥನೆ, ಧ್ಯಾನ ಮೊದಲಾದ ಆಧ್ಯಾತ್ಮಿಕ ಕ್ರಿಯೆಗಳಲ್ಲಿ ಮನಸಾ ಸಮರ್ಪಿಸಿಕೊಂಡು, 21ನೇ ಸೆಪ್ಟೆಂಬರ್ 2012 ರಂದು ಪತ್ತನಂತಿಟ್ಟದಲ್ಲಿ ನಡೆದ ಪುನರೇಕೀಕರಣ ಸಮಾವೇಶದಲ್ಲಿ ಧರ್ಮಸಭೆಯ ಪಿತನೂ ಮುಖಂಡರೂ ಆದ ಅತೀವಂದನೀಯ ಪರಮ ಪೂಜ್ಯ ಬಸೇಲಿಯೋಸ್ ಕ್ಲೀಮೀಸ್ ಕಾತೋಲಿಕೋಸ್ ಅವರ ಅಮೃತ ಹಸ್ತದಿಂದ ಪವಿತ್ರಾತ್ಮ ಅಭಿಷೇಕವನ್ನು ಸ್ವೀಕರಿಸಿ, ಧರ್ಮಸಭಾ ಮಟ್ಟದ ಪ್ರಥಮ ಸುವಾರ್ತಾ ಸಂಘವು ಸೇವೆಯನ್ನು ಆರಂಭಿಸಲಾಯಿತು.

ಅಂದಿನಿಂದ ಧರ್ಮಸಭೆಯ ಪ್ರತಿ ಧರ್ಮಪ್ರಾಂತ್ಯ ಮಟ್ಟಗಳಲ್ಲಿ, ವಲಯಮಟ್ಟಗಳಲ್ಲಿ, ವಿದೇಶ ರಾಜ್ಯಗಳ ಮಿಷನ್‌ಕೇಂದ್ರಗಳಲ್ಲಿ ಸುವಾರ್ತಾ ಸಂಘವನ್ನು ರೂಪಿಸಲು ಅವಿಶ್ರಾಂತ ಸಂಚರಿಸಿ ತರಬೇತಿ ಕಾರ್ಯಾಗಾರಗಳನ್ನು ನಡೆಸಿ ಸುಮಾರು 1300ರಷ್ಟು ಮಂದಿಯನ್ನು ದರ್ಮಸಭೆಯ ಸುವಾರ್ತಾ ಪ್ರೇಷಿತಕಾರ್ಯಗಳಿಗಾಗಿ ನಿಯೋಜಿಸಲು ಅತ್ಯಂತ ಶ್ಲಾಘನೀಯ ಸೇವೆಯನ್ನು ನೆರವೇರಿಸಿದರು.

ಸುವಾರ್ತಾ ಸಂಘದ ಸದಸ್ಯರು ವಿವಿಧ ಹಿನ್ನಲೆಯನ್ನು ಹೊಂದಿದವರು. ಆದರೂ ಎಲ್ಲರನ್ನೂ ಒಮ್ಮನಸಿನಿಂದ ಒಟ್ಟುಗೂಡಿಸಬೇಕಾದರೆ ಸಾಮಾನ್ಯ ವಿಚಾರವಲ್ಲ, ಆದರೆ ಅದೆಲ್ಲವನ್ನೂ ಅತ್ಯಂತ ಶ್ರೇಷ್ಟ ಮಟ್ಟದಲ್ಲಿ ನಿಭಾಯಿಸಲು ಅವರಿಗೆ ಸಾಧ್ಯವಾಗಿದ್ದರೆ, ನಿಜವಾಗಿಯೂ ಅದು ಅವರ ಜೀವನದ ಪವಿತ್ರತೆ, ನಿಷ್ಠೆ, ತ್ಯಾಗಮನೋಭಾವ, ಆತ್ಮಸಮರ್ಪಣೆ, ಅವರ ಮೇಲಿದ್ದ ಪವಿತ್ರಾತ್ಮರ ಕೃಪಾಕಟಾಕ್ಷವೇ ಕಾರಣ ಎಂಬುದರಲ್ಲಿ ಯಾವುದೇ ಸಂದೇಹವಿಲ್ಲ. ದೇವರ ವಾಕ್ಯವನ್ನು ಸಾಧಾರಣ ವ್ಯಕ್ತಿಗಳಿಗೂ ಮನದಟ್ಟಾಗುವಂತೆ ಬೋಧಿಸಲು ಅವರಿಗಿರುವ ಸಿದ್ಧಿ ಶ್ಲಾಘನೀಯವಾಗಿದೆ. ಪುತ್ತೂರು ಧರ್ಮಪ್ರಾಂತ್ಯದ ಸುಮಾರು 60ರಷ್ಟು ಮಂದಿ ಧರ್ಮಸಭಾ ಮತ್ತು ಧರ್ಮಪ್ರಾಂತ್ಯದಲ್ಲಿ ಸುವಾರ್ತಾಸಂಘದಲ್ಲಿ ತರಬೇತಿಯನ್ನು ಹೊಂದಿ ಹಸ್ತನಿಕ್ಷೇಪವನ್ನು ಸ್ವೀಕರಿಸಿ ತಮ್ಮ ಮತ್ತು ಧರ್ಮಸಭೆಯ ಪವಿತ್ರೀಕರಣಕ್ಕಾಗಿ ಜೀವನವನ್ನು ಸಮರ್ಪಿಸಿರುತ್ತಾರೆ. ತನ್ನ ಪೌರೋಹಿತ್ಯ ಶುಶ್ರೂಷೆಯಲ್ಲಿ ಧರ್ಮಸಭೆಗೆ ಸಲ್ಲಿಸಿದ ಸೇವೆಗೆ ಅವರಿಗೆ ಪರಮಾತ್ಮನು ನೀಡಿರುವ ಈ ನೂತನ ಜವಾಬ್ದಾರಿಯನ್ನು ಅತ್ಯಂತ ನಿಷ್ಠೆಯಿಂದ ನಿರ್ವಹಿಸಲು ಪವಿತ್ರಾತ್ಮರು ಕರುಣಿಸಲಿ ಎಂದು ಪ್ರಾರ್ಥಿಸುತ್ತೇನೆ. ನಮ್ಮ ಧರ್ಮಪ್ರಾಂತ್ಯಕ್ಕೆ ಅವರು ನೀಡಿರುವ ಸೇವೆಯನ್ನು ಹೃತ್ಪೂರ್ವಕ ಸ್ಮರಿಸಿ, ಅವರಿಗೆ ಆಯುರಾರೋಗ್ಯ, ಪವಿತ್ರಾತ್ಮರ ಸಂರಕ್ಷಣೆ ಸದಾ ಅವರೊಂದಿಗಿರಲಿ ಎಂದು ಪ್ರಾರ್ಥಿಸಿ ಪುತ್ತೂರು ಧರ್ಮಪ್ರಾಂತ್ಯದ ಅಭಿನಂದನೆಗಳನ್ನು ಸಲ್ಲಿಸುತ್ತೇನೆ.



## வாழ்த்துக்கள் ஆயரே

**Antony Mariagiri**
Suvisesha Sangam, Marthandam Eparchy

திருவெல்லா மறைமாவட்டத்தின் குருகுல முதல்வராக (VG) யாரோடு இணைந்து சிறப்பாக மறைமாவட்டத்தின் வளர்ச்சிக்காக அயராது உழைத்தவர் தான் ஆன்றணி காக்கனாட்.

தற்போது அவருடைய செயல் திறன் மற்றும் உழைப்பின் பயன் மட்டுமன்றி அவருடைய குருத்துவ தாழ்வு நிலையில் இருந்து கொண்டே குருகுல பணியை நிறைவேற்றினார் என்பது குறிப்பிடத்தக்கது. இந்த குருத்துவ பணிக்கு கிடைத்த சான்றே அவருடைய ஆயர் திருநிலைப்பாடு என்பது மறைக்க முடியாத உண்மை.

அந்நிலையில் இருந்து கீழிறங்கி சாதாரண குருவாக பணிபுரிய இறங்கி வந்தவர் பேரருள்தந்தை காக்கனாட் அவர்கள்.

அருட்தந்தை ஆன்றணி காக்கனாட் அவர்களை நினைக்கின்ற போது புனித மத்தேயு எழுதிய நற்செய்தி 25ஆம் அதிகாரம் 14 முதல் 30 வரை உள்ள தாலந்து உவமை தான் ஞாபகம் வருகின்றது. இதில் தலைவன் கொடுத்த தாலந்தினை நல்ல முறையில் பயன்படுத்தி அதனை விரிவாக்கிய போது இன்னும் தாலந்துகளை கடவுள் அருள்கிறார். அதைப் போன்றுதான் அருள் தந்தை ஆன்றணி காக்கனாட் அவர்களின் வாழ்வும், கடவுள் கொடுத்த சிறிய சிறிய பொறுப்புகளை தாலந்துகளாக மாற்றி அதை மென்மேலும் பெருக செய்து அதை திரும்ப கடவுளிடம் ஒப்படைத்த போது கடவுள் அவரை இன்னும் மிகுதியாக பொறுப்பை ஒப்படைப்பதற்காக ஆயராக தேர்ந்தெடுத்திருக்கிறார். அதற்கு சிறந்த எடுத்துக்காட்டுதான் நம்முடைய நற்செய்தி சங்கம் கடவுள் சிறியதாக கொடுத்த நற்செய்தி சங்கத்தை இன்று நம்முடைய மார்த்தாண்டம் மறைமாவட்டத்தில் கன்னியாகுமரி எல்லை வரை பரவ செய்து மக்கள் நற்செய்தியை அறியவும் அறிவிக்கவும் செய்தார். உலகெங்கும் சென்று படைப்பிற்கெல்லாம் நற்செய்தியைப் பறைசாற்றுங்கள் (மாற்கு 15:16) என்ற இயேசுவின் கட்டளையை தன் வாழ்வில் நிறைவேற்றினார்.

இன்றளவும் நாம் கற்றும், கற்பித்தும் வரும் மறைக்கல்வி பாடநூல் உருவாக்கித் தந்தது அவரது சிறப்பு.

மேதகு ஆயர் பர்ணபாஸ் ஆண்டகையுடன் இணைந்து சுவிசேஷ (நற்செய்தி) சங்கத்தையும் அதன் சட்ட நுணுக்கங்களையும் உருவாக்கி உயிர் கொடுக்க காக்கனாட் அடிகளாரின் பங்கு அளப்பரியது.

அடிகளாரின் அயராத உழைப்பும் பயிற்சியும் அன்னாருக்கு நற்செய்தியின் நறுமணத்தைப் பெற்றுத்தந்ததுமன்றி, அந்நறுமணத்தை வாழ்வாக்கவும், தனிநபர் வாழ்வைப் புனிதப்படுத்தவும், கிறிஸ்துவை அறியாத மக்களுக்கு கிறிஸ்துவை அளிக்கும் பொருட்டு நற்செய்தி சங்கத்தை உருவாக்கிட ஆயர் பர்ணபாஸ் ஆண்டகையுடன் சேர்ந்து பயணித்தார்.

மார் இவானியோஸ் ஆண்டகை அவர்கள் ஆயர் பதவியைத் துறந்து வெறுங்கையுடன் முண்டன்மலையிலிருந்து இறங்கி வந்தது போல், மோண்சிஞ்ஞோர் காக்கனாட் அடிகளை பதவியை விட்டுவிட்டு, சாதாரண குருவாக இறங்கி வந்தார்.

சுவிசேஷ சங்கத்தை உருவாக்கி, வளர்த்து தென்கோடியாம் கன்னியாகுமரி வரை விரிவாக்கம் செய்திட அல்லும் பகலும் அயராது உழைத்தார்.

மார்த்தாண்டம் தமிழ் மண்ணில் சுவிசேஷ சங்கம் மலர்ந்திட பலமுறை வருகைதந்து தமிழ் குருக்களைச் சந்தித்து ஆலோசித்தார்.

முதல் குழுவின் பயிற்சி காலத்தில் 25 கட்டளைகளையும் கடைபிடிக்க வேண்டியதன் அவசியத்தையும், கடைபிடிக்க தவறினால் பாவசங்கீர்த்தனத்தில் பாவ அறிக்கையிட வேண்டியதன் அவசியத்தை ஆணித்தரமாக எடுத்துக் கூறிய பாங்கு எம் உள்ளத்தில் பசுமரத்தாணியாய் பதியச் செய்துள்ளது..

பயிற்சியும், படிப்பினையும் அவற்றின்மேல் உள்ள அதிகாரமும் இயேசு அதிகாரத்தோடு கற்பித்தது போன்று இருந்தது.

இத்தகைய கருத்துமிக்க ஆயர் சுவிசேங சங்கத்திலிருந்து கிடைத்தது எமக்கு பெருமையே.

இத்தகைய பெருமைமிகு ஆசீருக்கு என்றும் பாராட்டுக்கள் உரித்தாகுக! மகிழ்ச்சியும் மங்களமும் நிறைவதாக!

### സുവിശേഷസംഘാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**സുവിശേഷസംഘാംഗങ്ങൾ സംഭാവന അയയ്ക്കേണ്ട ബാങ്ക് അക്കൗണ്ട് നമ്പർ താഴെകൊടുത്തിരിക്കുന്നു**

**Suvishesha Sangam**
**CSB Bank**
**A/C No : 0298-04112633-190001**
**Pattom Branch, Trivandrum**
**IFSC : CSBK0000298**
**Mob. +91 9447562877**

www.malankaralibrary.com



( ...... 2-ാം പേജിൽ നിന്നും തുടർച്ച)

ശൈലിയായി തന്നെ മാറിയിക്കുന്നു എന്ന് വർഷങ്ങളായി എനിക്ക് നേരിട്ട് അറിയാവുന്നതാണ്. അതിന്റെ നേർസാക്ഷ്യമാണ് പിതാവ് രചിച്ചതും എഡിറ്റ് ചെയ്ത ഒൻപത് ദൈവശാസ്ത്രഗ്രന്ഥങ്ങളും അനേകം ലേഖനങ്ങളും മലങ്കര കാത്തലിക് റ്റി.വിയിൽ നടത്തുന്ന പ്രഭാഷണങ്ങളും ക്ലാസുകളും മറ്റും.

**4. നവമാധ്യമങ്ങളിലൂടെ വിശാലമാക്കിയ സുവിശേഷപ്രഘോഷണ ചക്രവാളങ്ങൾ**

കോവിഡ്-19 പ്രതിസന്ധിയുടെ കാലങ്ങളിലാണ് പിതാവിന്റെ സഭാത്മകതയുടേയും സർഗ്ഗാത്മകതയുടെയും മറ്റൊരു ഭാവവും പ്രായോഗികതയും കുറെക്കൂടി നന്നായി നാം മനസ്സിലാക്കിയത്. മലങ്കര കത്തോലിക്കാ സഭയ്ക്ക് പൊതുവായി ഒരു സാമൂഹ്യസമ്പർക്ക മാധ്യമത്തിന്റെ അത്യാവശ്യം മനസിലാക്കി സുവിശേഷസംഘം, മലങ്കര കാത്തലിക് ടിവി (MC TV) എന്നീ പേരുകളിൽ സഭയുടെ രണ്ടു യൂട്യൂബ് ചാനലുകൾ തുടങ്ങുവാൻ മുന്നിട്ടിറങ്ങിയത് സഭക്ക് വലിയ അനുഗ്രഹമായി മാറി. എംസിടി.വിയിലെ വൈവിധ്യങ്ങളായ പരിപാടികളിലൂടെ ദൈവജനത്തിന്റെ വിശ്വാസത്തെ നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും പ്രതിസന്ധിയെ അതിജീവിക്കുന്നതിനും മാർ ഇവാനിയോസ് പിതാവിന്റെ ജീവിതം ഏറെ പഠന വിഷയമാക്കുന്നതിനും എത്രമാത്രം സാധിച്ചു എന്ന് നമുക്ക് നന്നായി അറിയാം.

**5. സുവിശേഷസംഘവും മലങ്കരസഭയിലെ നവപെന്തക്കുസ്താ അനുഭവവും**

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ചരിത്രത്തിലെ നാഴികകല്ലായിരുന്നു പ്രഥമ അസംബ്ലിയും അതെ തുടർന്ന് രൂപപ്പെട്ട സുവിശേഷസംഘവും എന്ന് നമുക്കറിയാം. പരി. സുന്നഹദോസിന്റെ മാർഗ്ഗനിർദ്ദേശങ്ങളും അത്യഭിവന്ദ്യ കാതോലിക്കാ തിരുമനസ്സിന്റെയും വന്ദ്യ പിതാക്കൻമാരുടേയും അനുഗ്രഹവും സ്വീകരിച്ച്, പ്രത്യേകിച്ച് കാലം ചെയ്ത അഭിവന്ദ്യ ബർണ്ണബാസ് പിതാവിന്റെ നേതൃത്വത്തിൽ, യാതൊരു മുൻ രൂപവും ഇല്ലാതിരുന്ന സുവിശേഷസംഘം എന്ന ആശയത്തിന് ഊടും പാവും നെയ്യുവാനും വളർത്തുവാനും പിതാവും, ബഹു. സിഫ്രാൻസീനാ ഡി. എം. ഉം മറ്റും ഏറ്റെടുത്ത വെല്ലുവിളികൾ, വേദനകൾ, കഠിനാദ്ധ്വാനം, സാമ്പത്തിക ഭാരം തീരെ ചെറുതല്ല. പ്രാർത്ഥനയുടെ മാത്രം പിൻബലത്തിൽ ദൈവാശ്രയത്തിന്റെ തണലിൽ, സഭയുടെ ഈ ദൗത്യം എറ്റെടുക്കുമ്പോൾ പിതാവിനെ അറിയുന്നവർ ചോദിച്ച ഒരു ചോദ്യമുണ്ട് തിരുവല്ല അതിഭദ്രാസനത്തിന്റെ വികാരി ജനറൽ എന്ന സ്ഥാനത്തേക്കാൾ വലുതാണോ സുവിശേഷസംഘത്തിന്റെ എക്സിക്യൂട്ടിവ് സെക്രട്ടറി എന്ന സ്ഥാനം. ചെറിയ മൗനത്തിനു ശേഷം അല്പം നർമ്മചുവയോടെ പിതാവ് നല്കിയ ഉത്തരം അത്ഭുതപ്പെടുത്തുന്നതായിരുന്നു. സുവിശേഷത്തിലെങ്ങും വികാരി ജനറലിന്റെ പാദങ്ങൾ എത്ര സുന്ദരം എന്ന് ഞാൻ വായിച്ചിട്ടില്ല എന്നാൽ റോമ. 10:15-ൽ ഇപ്രകാരം ഞാൻ വായിച്ചു "സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം". സ്ഥാനമാനങ്ങൾ നോക്കാതെ സുവിശേഷത്തിന് വേണ്ടി ഇറങ്ങിത്തിരിച്ച റമ്പാച്ചന്റെ ഉത്തരം ദൈവീകമായിരുന്നു എന്ന് സ്ഥിതീകരിക്കുകയാണ് മേൽപ്പട്ട ശുശ്രൂഷയിലേക്കുള്ള നിയോഗം. സഭ മുഴുവനിലും സുവിശേഷത്തിന്റെ ശബ്ദമാകുവാനും, സുഗന്ധമാകാനുമുള്ള വലിയ നിയോഗം.

ഇന്ന് 2022-ൽ സുവിശേഷസംഘം രൂപീകരിച്ചതിന്റെ ഒരു ദശാബ്ദം പിന്നിടുമ്പോൾ മൂന്നു നേരവും യാമപ്രാർത്ഥന ചൊല്ലുന്ന, മെഴുകുതിരി കത്തിച്ച് രണ്ട് നേരം വി. ഗ്രന്ഥം വായിക്കുന്ന, മുടക്കം കൂടാതെ കൂദാശകൾ സ്വീകരിക്കുന്ന, പതിനായിരക്കണക്കിന് കുടുംബങ്ങൾ സന്ദർശിച്ച് സുവിശേഷം പങ്കുവയ്ക്കുന്ന, ഇന്ത്യയിൽ നാനാ ജാതിമതസ്ഥരോടും സുവിശേഷം പ്രഘോഷിക്കുന്ന ഏതു പ്രതിസന്ധിയിലും സാക്ഷ്യം വഹിക്കുന്ന 1085-ൽ പരം സുവിശേഷസംഘാംഗങ്ങൾ വിവിധ ഭദ്രാസനങ്ങളിലായി രൂപപ്പെട്ടു എന്നത് പരിശുദ്ധാത്മാവിന്റെ വലിയ കൃപയാണ്. സഭയ്ക്കവേണ്ടി പ്രാർത്ഥിക്കുന്ന, പ്രേഷിത പ്രവർത്തനം നടത്തുന്ന, അഥവാ സഭയെ മുഴുവൻ വിശുദ്ധീകരിക്കുവാൻ പരിശ്രമിക്കുന്ന ഒരു 'ആത്മീയസൈന്യം' എന്ന സ്വപ്നത്തിന്റെ സാക്ഷാത്ക്കാരം യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നു.

സുവിശേഷസംഘത്തിന്റെ നേതൃത്വത്തിൽ ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ കബറിൽ വർഷം മുഴുവനും ഉയർന്ന പ്രാർത്ഥനാദിനങ്ങളും പിതാവിന്റെ മാധ്യസ്ഥത്തിൽ ലഭിച്ച എണ്ണമറ്റ അനുഗ്രഹങ്ങളും, വലിയ ചലനമാണ് സഭയിൽ ഉണ്ടാക്കിയത്. സുവിശേഷസംഘത്തിന്റെ നേതൃത്വത്തിൽ നടന്നു കൊണ്ടിരിക്കുന്ന മദ്ധ്യസ്ഥപ്രാർത്ഥന, രോഗീസന്ദർശനം, ലക്സിയോ ദിവീനാ പ്രാർത്ഥന, ഇടവക ശുശ്രൂഷ, അക്രൈസ്തവരുടെ ഇടയിലുള്ള മിഷൻ പ്രവർത്തനം മറ്റ് അനേകം കാരുണ്യ പ്രവർത്തികൾ തുടങ്ങി അനേകം മാർഗ്ഗങ്ങളിലൂടെ സാക്ഷ്യമാകാൻ ദൈവജനത്തിന് ലഭിച്ച പുത്തൻ ഉണർവ്വ്, ആധുനിക സഭയിലെ ഒരു പുതിയ പെന്തക്കുസ്തായുടെ അനുഭവമാണ് എന്നതിൽ തർക്കമില്ല. ഇതിന് പിന്നിൽ പിതാവിന്റെ പ്രബോധനവും പ്രാർത്ഥനയും ജീവിതസാക്ഷ്യവും ധീക്ഷണാപാടവവും വലിയ ശ്രോതസ്സായി നിൽക്കുന്നു എന്നത് നന്ദിയോടെയും അഭിമാനത്തോടെയും ഓർക്കുന്നു.

എന്ത് ചിലവു വരും എന്ന് കണക്കുകൂട്ടി നോക്കാതെ എത്ര മുറിവുകളേറ്റാലും ദൈവരാജ്യത്തിനായി സാക്ഷ്യം വഹിക്കുക എന്ന ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ മാതൃകയും മാനോഭാവവും ഒപ്പിയെടുത്ത് സുവിശേഷ ശുശ്രൂഷക്കായി തന്റെ ആരോഗ്യവും സമ്പത്തും കഴിവും സമയവും മുഴുവനായി വ്യയം ചെയ്ത ഒരു ധൂർത്തനായി പിതാവിനെ കാണാനാവും. സുവിശേഷ പ്രഘോഷണത്തിന് സാമ്പത്തിക മൂലധനമല്ല ആവശ്യം തുറന്ന മനസ്സാണ് വേണ്ടതെന്നും, പണം ഒരു തടസ്സമല്ല, ദൈവം തരും എന്നും തെളിയിച്ച സാക്ഷ്യമാണ് പിതാവിന്റെ കഴിഞ്ഞ പത്തുവർഷ ജീവിതവും സുവിശേഷ ശുശ്രൂഷയും.

സുവിശേഷത്തിനായി നിറഞ്ഞു തുളുമ്പി നില്ക്കുന്ന അപ്പസ്തോലനായ വി. പൗലോസിന്റെ തീക്ഷ്ണതയും ചൈതന്യവുമാണ് - സുവിശേഷ സാക്ഷ്യമാകാൻ (അപ്പ. 20:24) എന്ന പിതാവിന്റെ ആപ്ത വാക്യത്തിന്റെ മർമ്മം. കൂരിയായുടെ മെത്രാനായിരുന്നുകൊണ്ട് മലങ്കര സഭ മുഴുവനും സുവിശേഷകയായ സഭയാക്കുവാനുള്ള നിയോഗത്തിൽ സുവിശേഷത്തിന്റെ മൂറോൻ പരിമളമായി സമകാലീന ജറുസലേമിലും യൂദയായിലും, സമരിയായിലും ലോകത്തിന്റെ വിദൂരദിക്കുകളിലും സുവിശേഷ സാക്ഷ്യമാകുവാൻ കരുണാമയനായ ദൈവം നിരന്തരം കൃപയരുളട്ടെ എന്ന പ്രാർത്ഥനകളും ആശംസകളും എല്ലാ സുവിശേഷ സംഘാംഗങ്ങളുടെയും പേരിൽ ഹൃദയപൂർവ്വം അർപ്പിക്കുന്നു.

പിതാവിന്റെ ജീവിതവും തുടർന്നുള്ള ശുശ്രൂഷകളും സഭയിലും ലോകത്തിലും സുവിശേഷ സാക്ഷ്യത്തിന്റെ പുതിയ അദ്ധ്യായങ്ങളാകട്ടെ!



# സുവിശേഷമാകുവാൻ പ്രേരണ നൽകിയ ധ്യാനചിന്തകൾ

**ജീന എബി**
സുവിശേഷസംഘം, തിരുവനന്തപുരം മേജർ അതിഭദ്രാസനം

ബഹുമാനപ്പെട്ട ആന്റണി കാക്കനാട്ടച്ചൻ ഇന്ന് ശ്രേഷ്ഠാചാര്യപദവിയിൽ! പിതാവേ, മലങ്കര സഭ സുവിശേഷസംഘാംഗങ്ങൾ പതാവിന്റെ ഈ സ്ഥാനലബ്ദിയിൽ അത്യധികമായി സന്തോഷിക്കുന്നു. സുവിശേഷത്തിന്റെ പരിമളം വീശുവാൻ അതെ, ഒരു നവ ജീവിതശൈലിയിലേക്ക് ഞങ്ങളെ കൈപിടിച്ച് വളർത്തിയ അങ്ങയുടെ ധന്യ ജീവിതത്തിന് ഞങ്ങളുടെ ഹൃദയംഗമമായ കൂപ്പുകൈ! യാമപ്രാർത്ഥനകളിലൂടെ, വിശുദ്ധ നോമ്പ് അനുഷ്ഠിക്കുന്നതിലൂടെ, ഹൃദയബന്ധങ്ങൾ ഊഷ്മളമാക്കുവാൻ ഒന്നിച്ച് പ്രാർത്ഥിക്കുവാൻ മലങ്കര മക്കളുടെ എല്ലാ ഭവനങ്ങളിലേക്കുമുള്ള ഭവന സന്ദർശനം തുടങ്ങി ഞങ്ങൾക്ക് ലഭിച്ച എത്രയെത്ര ബോധ്യങ്ങൾ. എല്ലാം എല്ലാം കൈവപ്പ് ലഭിച്ച സുവിശേഷസംഘാംഗങ്ങൾക്ക് ജീവിതത്തിൽ ഒരിക്കലും മറക്കാനാവാത്ത അനുഭവമാണ്. കർത്താവ് പറഞ്ഞ കാര്യങ്ങൾ അനുദിന ജീവിതത്തിൽ സുവിശേഷമാകുവാൻ പ്രേരണ നൽകിയ അങ്ങയുടെ ധ്യാനചിന്തകൾ. വന്ദ്യപിതാവേ, ഇനിയും ഞങ്ങൾക്ക് അങ്ങയെ വേണം അതെ, മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് ഇനിയും അങ്ങയെ കൊണ്ട് ആവശ്യമുണ്ട്. പരിശുദ്ധാത്മശക്തിയോടെ അങ്ങ് സഭയെനയിച്ചാലും! ഒത്തിരി ഒത്തിരി നന്ദിയോടെ, തിരുവനന്തപുരം മേജർ അതിഭദ്രാസന സുവിശേഷസംഘാംഗങ്ങളുടെ പ്രാർത്ഥനാമംഗളങ്ങൾ!

( ...... 4-ാം പേജിൽ നിന്നും തുടർച്ച)

ചെയ്യുകയും ചെയ്യുന്നത് അന്ത്യോക്യൻ ആരാധനാക്രമത്തിൽ മാത്രം ഉള്ള കർമ്മമാണ്. (മറ്റ് ആരാധനാക്രമങ്ങളിൽ വിശുദ്ധ കുർബാനയുടെ ആദ്യഭാഗത്ത് കാഴ്ചവയ്പ്പിന് മുൻപാണ് പട്ടംകൊട ശുശ്രൂഷ നടക്കുന്നത്). ഇത് അന്ത്യോക്യൻ ആരാധനാക്രമത്തിൽ വിശുദ്ധ കുർബാനയും പട്ടത്വവും തമ്മിലുള്ള അഭേദ്യമായ പരസ്പര ബന്ധത്തെയും ആരാധനാപരമായ സഭാശാസ്ത്രത്തേയും കൂദാശ ശാസ്ത്രത്തേയും ദൈവശാസ്ത്രത്തേയും സൂചിപ്പിക്കുന്നു. നമ്മുടെ ആരാധനയിലെ പരിശുദ്ധാത്മ ദൈവശാസ്ത്രത്തിന്റെ വലിയ തെളിവാണിത്.

**6. ആടുകളുടെ ഐക്യത്തിനുവേണ്ടിയുള്ള രക്തസാക്ഷിത്വം**

അഭിനവമെത്രാൻ ചെയ്യുന്ന ആദ്യത്തെ പ്രവൃത്തി സിംഹാസനത്തിലിരുന്നു കൊണ്ടുള്ള സുവിശേഷവായനയാണ്. "നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവനർപ്പിക്കുന്നു" എന്നും "ഈ തൊഴുത്തിൽപ്പെടാത്ത മറ്റ് ആടുകളും എനിക്കുണ്ട്, അവയേയും ഞാൻ കൊണ്ടുവരേണ്ടിയിരിക്കുന്നു. അങ്ങനെ ഒരാട്ടിൻപറ്റവും ഒരിടയനുമാകും" എന്നും പുതിയ മെത്രാൻ പ്രഖ്യാപിക്കുമ്പോൾ തന്റെ വിളിയും ദൗത്യവും എന്താണെന്ന് ഒരു മാനിഫെസ്റ്റോ പോലെ വ്യക്തമാക്കുകയാണ് അദ്ദേഹം ചെയ്യുന്നത്. പൊന്തിഫിക്കൽ ശുശ്രൂഷകളിൽ മെത്രാൻ ധരിക്കുന്ന ചുവന്നകുപ്പായം രക്തസാക്ഷിത്വത്തിന്റെ അടയാളമാണ്.

**7. മലമുകളിൽ കൊളുത്തപ്പെട്ട വിളക്ക്**

"നിന്റെ അജഗണത്തിൽ നിന്ന് അജ്ഞാനമാകുന്ന അന്ധകാരം നീക്കാനും സുവിശേഷത്തിൽ പറയുന്ന വിളക്കുതണ്ടിൻമേലെന്നതുപോലെ അപ്പസ്തോലിക പീഠത്തിൽ ഭംഗിയായി ശോഭിക്കുന്നതിനും നിന്റെ മുൻപിൽ തലകുനിച്ചു നിൽക്കുന്ന ഈ ദാസന് ധാരാളമായ കൃപ നൽകണമേ" എന്ന് എത്രോ പ്രാർത്ഥനയിൽ നാം കാണുന്നു. തന്റെ പ്രബോധനങ്ങളും ജീവിതവും കൊണ്ട് അനേകർക്ക് വെളിച്ചം പകരാൻ ഒരു മെത്രാന് സാധിക്കണം. തെറ്റായ പ്രബോധനങ്ങളെ വിവേചിച്ചറിയാനും അത് തിരുത്താനുമുള്ള വിവേകവും ആർജ്ജവത്വവും അദ്ദേഹത്തിനുണ്ടാകണം.

**8. പരിപൂർണതയിലേക്കുള്ള വിളി**

എല്ലാ വിളിയും വിശുദ്ധിയിലേക്കാണെങ്കിലും ഒരു മെത്രാനെ സംബന്ധിച്ച് ഇത് വളരെ കൂടുതൽ ബാധകമാണ്. ഹൂസോയോവീലിയിലെ പ്രാർത്ഥനയിലും തുടർന്നുവരുന്ന ഗാനങ്ങളിലുമെല്ലാം നാം പാടുന്നത് "വന്നു വസിച്ചീ ദാസനെയും പാവനനാക്കി ത്തീർക്കട്ടെ" എന്നാണ്. Bishophood is the fullness of Priesthood എന്ന് പറയുന്നത് വിശുദ്ധിയുടെ പൂർണ്ണതയിലേക്കുള്ള വിളിയാണിത് എന്ന് മനസിലാക്കാനാണ്. "നീ വിളിച്ച ഈ ദാസനെ നിന്റെ കൃപയാൽ ഞങ്ങൾ മുഖാന്തരം പരിപൂർണനാക്കണമേ" എന്ന് എത്രോയിൽ കാർമ്മികൻ പ്രാർത്ഥിക്കുന്നു.

**9. പരിശുദ്ധ സുനഹദോസിനോടുള്ള വിശ്വസ്തത**

അപ്പസ്തോലിക കൂട്ടായ്മ എന്നത് പരസ്പര ഐക്യവും വിധേയത്വവും വിശ്വാസ കാര്യങ്ങളിലുള്ള വിശ്വസ്തതയും യോജിപ്പുമാണ്. സുനഹദോസിനോടുള്ള വിധേയത്വവും കൂട്ടായ്മയുമാണ് ഒരു രൂപതയെ സഭാകൂട്ടായ്മയിൽ നിലനിർത്തുന്നത്. അത് യാഥാർത്ഥ്യമാക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കണ്ണിയാണ് ആ ഭദ്രാസനത്തിന്റെ ഇടയൻ. തായ്ത്തടിയോടുചേർന്ന് നിൽക്കാത്ത ശാഖ ഫലം നൽകാത്തതുപോലെ പരിശുദ്ധ സുനഹദോസിനോട് ചേർന്ന് നിൽക്കാത്ത ഒരു മെത്രാനോ രൂപതയോ സഭാകൂട്ടായ്മയോ അതിനാൽതന്നെ സഭയ്ക്ക് പുറത്താണ്. ഈ സത്യമാണ് മെത്രാൻ തന്റെ ഓമോലോഗിയോ പ്രഖ്യാപനത്തിലൂടെ പരസ്യമായി ഏറ്റുപറയുന്നത്.

**ഉപസംഹാരം**

മലങ്കര സഭയുടെ ആരാധനാക്രമം പൊതുവേയും മെത്രാഭിഷേകശുശ്രൂഷ പ്രത്യേകിച്ചും ദൈവശാസ്ത്രപരമായി അർത്ഥഗർഭവും രഹസ്യാത്മകവും ഹൃദയസ്പർശിയുമാണ്. സുറിയാനി സഭയുടെ സഭാശാസ്ത്രവും പരിശുദ്ധാത്മ ദൈവശാസ്ത്രവും കൂദാശാ ദൈവശാസ്ത്രവും ഇത്രയധികം പ്രകടമാകുന്ന മറ്റൊരു ശുശ്രൂഷയുമില്ല. പട്ടത്വം പൊതുവേയും മെത്രാഭിഷേകം പ്രത്യേകിച്ചും വിശുദ്ധ കുർബാനയുമായി എത്രത്തോളം അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു എന്നത് ഈ ശുശ്രൂഷയിൽ നിന്ന് മനസിലാക്കാം. ഇത് അന്തോക്യൻ ആരാധനക്രമത്തിന്റെ അനന്യതയാണ്.

www.malankaralibrary.com




# വന്ദ്യ മോൺ. ആന്റണി കാക്കനാട്ടിന്റെ ജീവിത വീഥികളിൽ



വൈദിക വിദ്യാർത്ഥിയായിരുന്നപ്പോൾ



കോട്ടയത്ത് 1986 ൽ



പൗരോഹിത്യ സ്വീകരണം (1987)



റോമിലെ പഠനകാലത്ത് (1995)



വിശുദ്ധനാട് സന്ദർശനം (1991)



മാതാപിതാക്കളോടും, സഹോദരങ്ങളോടും, കുടുംബാംഗങ്ങളോടുമൊപ്പം



സുവിശേഷസംഘ ശുശ്രൂഷാവേദികളിൽ



റമ്പാൻ സ്ഥാനാരോഹണം (2022 ജൂൺ 18)

Printed and Published by Antony Kakkanatt, for the Syro Malankara Catholic Suvisesha Sangam, Catholicate Centre, Pattom, Trivandrum - 4. For Private Circulation only
For Contact Ph : 8281512877 Email : suvi.sangam21@gmail.com. Printed at St. Joseph's Press, Trivandrum-14